# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.22 No.5 കാർത്തികപ്പള്ളി R.No. 7361/02 2022 MAY

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## കെണിയിൽ വീഴുന്ന കുഞ്ഞുങ്ങൾ

പ്രായപൂർത്തിയാകാത്ത കുട്ടികളെ തെറ്റായ വഴിയിലേക്ക് നയിക്കുന്നവരുടെ പ്രധാന ഓൺലൈൻ ഇടമാണ് സമൂഹമാധ്യമങ്ങൾ. ഇതിൽ ഫെയ്സ്ബുക്കും ഇൻസ്റ്റഗ്രാമും തന്നെയാണ് മുന്നിൽ നിൽക്കുന്നത്. കുഞ്ഞുകുട്ടികളെ സെക്സ് ചാറ്റിലേക്ക് വലിച്ചിട്ട്, അവരെക്കൊണ്ട് അശ്ലീല ചിത്രങ്ങൾ പകർത്തിപ്പിച്ച്, ജീവിതം തകർത്ത നിരവധി റിപ്പോർട്ടുകളാണ് ഓരോ ദിവസവും പുറത്തുവരുന്നത്. ഇത് എല്ലാ രാജ്യങ്ങളിലും സംഭവിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.



അമേരിക്കയിലെ ടെക് സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്തപ്രകാരം 6.9 കോടി ബാല ലൈംഗിക പീഡന ചിത്രങ്ങളിൽ 94 ശതമാനവും ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തിട്ടുണ്ട് എന്നാണ്. അതായത് ലോകത്ത് നടക്കുന്ന പീഡനങ്ങളുടെ ഭൂരിഭാഗവും ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്യുന്നുണ്ടെന്ന് ചുരുക്കം. ഇവിടെ എന്താണ് സംഭവിക്കുന്നത്, ഈ കെണിയിൽ നിന്ന് കുഞ്ഞുങ്ങളെ എങ്ങനെ രക്ഷിക്കും?



രക്ഷിതാക്കളും പരിചരിക്കുന്നവരും തങ്ങളുടെ കുട്ടികളുമായി ഓൺലൈൻ സുരക്ഷയെക്കുറിച്ച് ചർച്ച ചെയ്യണം. റോഡ് സുരക്ഷയെക്കുറിച്ചോ മയക്കുമരുന്ന് ഒഴിവാക്കുന്നതിനെക്കുറിച്ചോ ചർച്ച ചെയ്യുന്നപോലെ ഒന്നായി ഇതും മാറേണ്ടതുണ്ടെന്ന് നിയമവിദഗ്ധർ പറയുന്നു. ഓൺലൈനിൽ കുട്ടികളെ ദുരുപയോഗം ചെയ്യുന്ന ക്രിമിനലുകൾ ഉയർത്തുന്ന ഭീഷണിയെക്കുറിച്ച് മിക്ക മാതാപിതാക്കൾക്കും അറിയില്ല എന്നതാണ് വാസ്തവം.

'എന്റെ കുട്ടി അങ്ങനെ ചെയ്യില്ല' എന്നാണ് മിക്ക രക്ഷിതാക്കളും കരുതുന്നത്. എന്നാൽ നമ്മൾ കാണുന്ന കുട്ടികൾ സമൂഹത്തിന്റെ എല്ലാ തലങ്ങളിൽ നിന്നുമുള്ളവരാണെന്ന് ഞങ്ങൾക്കറിയാം, പ്രത്യേക ഗ്രൂപ്പുകളൊന്നുമില്ല - ഇത് ഏതൊരു കുട്ടിയെയും ബാധിക്കുമെന്നും അശ്ലീല വീഡിയോകൾ പരിശോധിക്കുന്ന ഐഡബ്ല്യുഎഫ് വക്താവ് പറഞ്ഞു.

കുട്ടികൾ സമപ്രായക്കാരുമായി നഗ്നത പങ്കിടുന്നത് ഡിജിറ്റൽ ലോകത്ത് സാധാരണ സംഭവമായിട്ടുണ്ട്. ഇതെല്ലാം പീഡോഫിലിക് വെബ്സൈറ്റുകളിലേക്കാണ് പോകുന്നതെന്ന് ആരും അറിയുന്നില്ല. തന്റെ കുട്ടിയിൽ നിന്ന് ഇതൊന്നും സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ രക്ഷിതാക്കൾ കഴിയുന്നതെല്ലാം ചെയ്യേണ്ടതുണ്ട്. കിടപ്പുമുറിയിൽ കുട്ടികൾ സുരക്ഷിതരാണെന്ന് ഒരിക്കലും വിശ്വസിക്കരുത്, കാരണം അവിടേയും കുട്ടികളെ വേട്ടയാടുന്നവർ ഓൺലൈൻ വഴി വരുന്നുണ്ട്, വേട്ടക്കാർക്ക് എളുപ്പത്തിൽ ഇരയെ കണ്ടെത്താൻ കഴിയുന്ന സുരക്ഷിത ഇടം കൂടിയാണ് കിടപ്പുമുറികൾ.

## സ്മാർട്ടായി സ്വകാര്യത പരസ്യമായി

എങ്ങോട്ടെങ്കിലും പോകുമ്പോൾ ആരെങ്കിലും പിന്തുടരുന്നതായി എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? അങ്ങനെ തോന്നി തിരിഞ്ഞു നോക്കുമ്പോൾ ആരെയും കാണാത്ത അനുഭവവും ഉണ്ടായിട്ടുണ്ടോ? നിത്യജീവിതത്തിൽ അങ്ങനെ പല തോന്നലുകളും യാഥാർഥ്യമാകണമെന്നില്ല. എന്നാൽ, നമുക്കറിയുന്നതും അറിയാത്തതുമായ സ്മാർട്ട് ഉപകരണങ്ങൾ നമ്മെ ഓരോരുത്തരേയും പിന്തുടർന്ന് വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണെന്നത് വസ്തുതയാണ്. ഇത് ഇന്റർനെറ്റ് ഭരിക്കുന്ന പുതിയ ലോകത്ത് സ്വകാര്യതയെന്നത് സ്വപ്നം മാത്രമായി അവശേഷിക്കുകയാണ്. കുളിമുറിയിലും ബെഡ്റൂമിലും ഓഫീസിലും പൊതുസ്ഥലങ്ങളിലും എല്ലാം രഹസ്യവും പരസ്യവുമായ ക്യാമറകളാണ് നമ്മെ പിന്തുടരുന്നത്. ഇതിനെല്ലാം പുറമെ സ്മാർട്ട് ഫോണുകളിലെ ക്യാമറകളും. ശരിക്കും പറഞ്ഞാൽ ഭൂമിയിൽ ഒരിടത്തും സ്വകാര്യത ഇല്ല.

(ശേഷം p.8)

## യിസ്രായേലും വിഗ്രഹാരാധനയും

ടി. എം. വർഗ്ഗീസ് ഓതറ

*ഒരു ഭൗതികവസ്തുവിനെ ദൈവമായിക്കരുതി ആരാധിക്കുന്നതാണ് വിഗ്രഹാരാധന. വിഗ്രഹം എന്നു പറഞ്ഞാൽ പ്രതിമയല്ല. ദൈവത്തെ അറിയുവാനുള്ള മനുഷ്യന്റെ പരിമിതിയുടെ പ്രതീകമാണ് വിഗ്രഹങ്ങൾ. യിസ്രായേല്യർ ഏകദൈവ വിശ്വാസികളായിരുന്നതിനാൽ വിഗ്രഹാരാധന മ്ലേച്ഛമായ പ്രവൃത്തിയായി കരുതിയിരുന്നു. വിഗ്രഹാരാധന യഥാർത്ഥ ദൈവത്തിൽ നിന്നുള്ള അകൽചയും അന്യാരാധനയും ദൈവത്തോടുള്ള മത്സരവും നിഷേധവുമാണെന്നും ബൈബിൾ വ്യക്തമാക്കുന്നു. ജീവനില്ലാത്തതും ജീവിപ്പിക്കാൻ കഴിയാത്തതുമെങ്കിലും അശുദ്ധപ്പെടുത്താനും നശിപ്പിക്കാനും പോന്നതാണ് വിഗ്രഹങ്ങൾ. വിഗ്രഹത്തിലാണ് ദൈവം എന്ന് വിശ്വസിക്കുന്ന മനുഷ്യന് ആത്മാവായ ദൈവത്തെ കണ്ടെത്തുവാനോ അനുഭവിക്കുവാനോ കഴിയുകയില്ലായെന്നും ക്രിസ്തുവിലൂടെ ദൈവദർശനം സാധ്യമായതിനാൽ വിഗ്രഹങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടുവെന്നും ദൈവത്തിന്റെ വിഗ്രഹം ഉണ്ടാക്കുന്നത് കല്പനാലംഘനവും ദൈവത്തോടുള്ള അവഹേളനമാണെന്നും വേദപുസ്തകാധിഷ്ഠിതമായും വസ്തുനിഷ്ഠമായും തെളിയിച്ചിരിക്കുന്ന ഈ ഗ്രന്ഥം സത്യം അറിയാൻ ആഗ്രഹിക്കുന്നവർക്ക് വഴികാട്ടിയും മുതൽക്കൂട്ടുമാണ്.*




## കൃത്രിമ ജീവനും നിർമ്മിത ബുദ്ധിയും

കൃത്രിമ ഗർഭപാത്രത്തിനുള്ളിലെ ഭ്രൂണത്തിന്റെ വളർച്ച നിരീക്ഷിക്കാനും വേണ്ട നിർദ്ദേശങ്ങൾ നൽകാനും ശേഷിയുള്ള നിർമ്മിത ബുദ്ധി സംവിധാനം വികസിപ്പിച്ചെടുത്ത് ചൈനയിലെ ഗവേഷകർ. ജിയാങ്സു പ്രവിശ്യയിലെ സുസൗവിൽ നിന്നുള്ള ചൈനീസ് ശാസ്ത്രജ്ഞരാണ് കൃത്രിമ ഗർഭപാത്രത്തിലെ കുഞ്ഞിനെ നോക്കാൻ നിർമ്മിത ബുദ്ധിയെ പരീക്ഷിച്ചത്. സൗത്ത് ചൈന മോണിങ് പോസ്റ്റ് റിപ്പോർട്ട് പ്രകാരം നിലവിൽ കൃത്രിമ സാഹചര്യത്തിൽ വളരുന്ന മൃഗങ്ങളുടെ ഭ്രൂണങ്ങളെയാണ് ഇപ്പോൾ നിർമ്മിത ബുദ്ധി നോക്കുന്നത്.



മൃഗങ്ങളുടെ ഭ്രൂണങ്ങളെ പരിപാലിക്കുന്ന എ.ഐ തന്നെ മനുഷ്യക്കുഞ്ഞുങ്ങളുടെ ഗർഭകാല പരിചരണത്തിനും ഉപയോഗിക്കാമെന്നാണ് ഗവേഷകർ ചൂണ്ടിക്കാണിക്കുന്നത്. സാങ്കേതികവിദ്യയുടെ സഹായത്തിൽ ഒൻപത് മാസം കുഞ്ഞിനെ വയറ്റിൽ ചുമന്നുനടക്കാതെതന്നെ സുരക്ഷിതമായ സുഖപ്രസവം സാധ്യമാണെന്നാണ് ചൈനീസ് ഗവേഷകർ പറയുന്നത്. ലോംഗ് ടേം എംബ്രയോ കൾച്ചർ ഡിവൈസ് എന്നാണ് ഈ കൃത്രിമ ഗർഭപാത്രത്തിന് നൽകിയിരിക്കുന്ന പേര്.

വ്യത്യസ്ത അറകളിൽ വ്യത്യസ്ത ഭ്രൂണങ്ങളെ വഹിക്കാൻ ഇവയ്ക്ക് ശേഷിയുണ്ടാകും. തുടക്കത്തിൽ ഓരോ ഭ്രൂണത്തിന്റേയും ഗർഭസ്ഥ ശിശുവിലേക്കുള്ള വളർച്ചയെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുണ്ട്. ഈ ജോലിയാണ് നിർമ്മിതബുദ്ധി ഏറ്റെടുത്തിരിക്കുന്നത്. ഓക്സിജൻ വിതരണം, പോഷകങ്ങളുടെ ലഭ്യത തുടങ്ങി ഭ്രൂണത്തിന് വളരാൻ ആവശ്യമായ ഓരോ വിവരങ്ങളും പരിശോധിച്ച് അനുകൂലമായ സാഹചര്യം ഉറപ്പുവരുത്താൻ നിർമ്മിതബുദ്ധിക്ക് സാധിക്കും.

ഏതെങ്കിലും അപ്രതീക്ഷിത കാരണങ്ങളാൽ ഭ്രൂണത്തിന്റെ വളർച്ച നിലയ്ക്കുകയോ ഭ്രൂണം നശിച്ചുപോവുകയോ ചെയ്താൽ എത്രയും വേഗത്തിൽ ചുമതലപ്പെട്ടവരെ അറിയിക്കാനും നിശ്ചിത ഭ്രൂണം നീക്കം ചെയ്യാനും നിർമ്മിതബുദ്ധി വഴി സാധിക്കും

## ബുദ്ധിയുണ്ട് ബോധമില്ല

മനുഷ്യന് സാധ്യമായതും അസാധ്യമായതുമായ നിരവധി മേഖലകളിൽ ഇതിനകംതന്നെ നിർമ്മിതബുദ്ധി വലിയ തോതിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. എന്നെങ്കിലും നിർമ്മിതബുദ്ധിക്ക് സ്വയംബോധം ഉണ്ടാവുമോ? അങ്ങനെയൊന്ന് ഇതിനകംതന്നെ സംഭവിച്ചിട്ടുണ്ടാവാമെന്നാണ് ഓപൺഎഐ സഹസ്ഥാപകൻ ഇല്ല്യ സുറ്റ്സ്കെവർ പറയുന്നത്. ഇന്ന് നിലവിലുള്ള വിപുലമായ എഐ സംവിധാനങ്ങളിൽ ഏതിനെങ്കിലും സ്വയം ബോധമുണ്ടാവാനുള്ള സാധ്യതയെക്കുറിച്ചാണ് അദ്ദേഹം ടീറ്റ് ചെയ്തിരിക്കുന്നത്.



ഏതെങ്കിലും പ്രത്യേക നിർമ്മിതബുദ്ധിയെക്കുറിച്ച് ഇല്ല്യ സുറ്റ്സ്കെവർ എടുത്തു പറയുന്നില്ല. എങ്കിലും ഭാഷയ്ക്കുവേണ്ടി ഓപൺഎഐ നിർമ്മിച്ചിട്ടുള്ള ജിപിടി-3 പോലുള്ള 1,75,00 കോടി പാരാമീറ്ററുകളുള്ള നിർമ്മിതബുദ്ധി സംവിധാനങ്ങളെയാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. ജിപിടി-3ക്ക് ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും വാചകങ്ങളിലെ വിട്ടുപോയഭാഗം പൂരിപ്പിക്കാനും ശേഷിയുണ്ട്. നേരിയതോതിൽ സ്വബോധം ഉണ്ടാവാമെന്ന പ്രയോഗംകൊണ്ട് അദ്ദേഹം എന്താണ് അർത്ഥമാക്കുന്നതെന്നും വ്യക്തതയില്ല. കാരണം നിർമ്മിതബുദ്ധിയുടെ ബോധമെന്നതിന്റെ വ്യാഖ്യാനങ്ങൾ വലിയതോതിൽ വിവാദമായ ആശയമാണ്.

മനുഷ്യന്റെ നേരിട്ടുള്ള ഇടപെടലുകളില്ലാതെതന്നെ മനുഷ്യ തലച്ചോറിന് സമാനമായ രീതിയിൽ ചിന്തിച്ച് തീരുമാനങ്ങളെടുക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള ശേഷി നിർമ്മിതബുദ്ധിക്കുണ്ട്. എന്നാൽ മനുഷ്യന്റെ സവിശേഷ ബുദ്ധിയുടെ ഏഴയലത്ത് ഇത്തരം കംപ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങൾ എത്തിയിട്ടില്ലെന്നാണ് ഗവേഷകർ പൊതുവേ കരുതുന്നത്. വാഹനങ്ങൾ ഓടിക്കാനും വിമാനങ്ങൾ പറത്താനും കൃത്രിമ ശബ്ദങ്ങൾ നിർമ്മിക്കാനും മുഖം തിരിച്ചറിയാനുമൊക്കെ വ്യാപകമായി നിർമ്മിതബുദ്ധി ഉപയോഗിക്കുന്നുവെങ്കിലും അവയ്ക്ക് സുബോധമുണ്ടാവുകയെന്ന അവകാശവാദം അശേഷം സത്യമല്ല എന്നതാണ് വസ്തുത.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ - പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |




# ദൈവസാന്നിദ്ധ്യം നൽകുന്ന ധൈര്യം



"ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല" എന്ന് അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ "കർത്താവ് എനിക്കു തുണ, ഞാൻ പേടിക്കയില്ല, മനുഷ്യൻ എന്നോട് എന്തു ചെയ്യും' എന്നു നമുക്കു ധൈര്യത്തോടെ പറയാം." (എബ്രായർ 13:5,6). കർത്താവായ യേശുക്രിസ്തു ഒരിക്കൽ പറഞ്ഞു: 'ചഞ്ചലപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ.'

അന്ത്യകാലത്തിന്റെ ലക്ഷണങ്ങളെക്കുറിച്ചു തന്റെ ശിഷ്യന്മാരോട് വിശദമായി പറയുന്നതിനിടയിലാണ് അവിടുന്ന് ഈ മുന്നറിയിപ്പ് നൽകിയത് (മത്തായി 24:6). അന്ത്യകാലത്തു സംഭവിക്കുന്ന തന്റെ രണ്ടാം വരവിനെക്കുറിച്ചു പറയുമ്പോഴും യേശു ഇതേ മുന്നറിയിപ്പു നൽകി- "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്" (യോഹന്നാൻ 14:1-3)

'ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല' എന്നതു പഴയനിയമത്തിൽ നിന്നുള്ള ഉദ്ധരണിയാണ്. മോശെ നേതൃത്വത്തിൽ നിന്നു മാറുന്ന സമയത്ത് യിസ്രായേലിനും യോശുവയ്ക്കും ദൈവം നൽകുന്ന വാഗ്ദാനം. (ആവർത്ത. 31:6, 8; യോശുവ 1:5 വായിക്കുക). അതുവരെ ദൈവികാലോചന പറഞ്ഞുതന്നു തങ്ങളെ നടത്തിയിരുന്ന മോശെ പൊടുന്നനെ മാറ്റപ്പെടുന്നു എന്നു കേട്ടപ്പോൾ യിസ്രായേലും യോശുവയും ചഞ്ചലിച്ചും ഹൃദയം കലങ്ങിയും പോയതു സ്വാഭാവികം. എന്നാൽ താൻ മാറുകയില്ലെന്നും കൈവിടുകയില്ലെന്നും ഉറപ്പു നൽകി ദൈവം അവരെ ശക്തിപ്പെടുത്തുകയാണ്.



ഈ ഉറപ്പിക്കുന്ന വചനമാണ് എബ്രായ ക്രിസ്ത്യാനികൾക്കായി ലേഖനത്തിന്റെ അവസാനഭാഗത്തു ലേഖനകാരൻ എടുത്ത് ഉദ്ധരിക്കുന്നത്. എബ്രായർ 13:5-8 വാക്യങ്ങളിൽ എബ്രായ ക്രിസ്ത്യാനികൾക്ക് (വിശ്വാസികളായ നമുക്കും) ഉറപ്പു നൽകുന്ന മൂന്നു കാര്യങ്ങൾ കാണാൻ കഴിയും: 'ഞാൻ കൈവിടുകയില്ല. ഉപേക്ഷിക്കുകയുമില്ല' എന്ന ദൈവികവാഗ്ദാനം ഒന്നാമതായി നാം കണ്ടു (13:5). വാഗ്ദാനം മാത്രമല്ല, വാഗ്ദാനത്തിനു പിന്നിലുള്ള വ്യക്തിയെയും ഈ ഭാഗത്തു നമുക്കു കാണാം- 'യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ' (13:8). അതെ, വാഗ്ദാനം നൽകിയവൻ വിശ്വസ്തൻ, അവിടുന്നു മാറാത്തവൻ.

ദൈവത്തിനു പല പ്രത്യേകതകൾ ഉണ്ടെങ്കിലും അവിടുന്ന് അനന്യൻ, മാറ്റമില്ലാത്തവൻ (same) എന്ന പ്രത്യേകതയിലാണ് ഇവിടത്തെ ഊന്നൽ. ഭൂമിയും ആകാശവും മാറിപ്പോയാലും മാറ്റമില്ലാത്ത ദൈവത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് എബ്രായ ലേഖനം ആരംഭിക്കുന്നതുതന്നെ. "കർത്താവേ നീ പൂർവകാലത്തു ഭൂമിക്ക് അടിസ്ഥാനമിട്ടു ആകാശവും നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു... അവ മാറിപ്പോകും. നീയോ അന്യൻ" (1:10,12). 13-ാം അദ്ധ്യായത്തിലേക്കു വരുമ്പോൾ മൂന്നു കാലത്തിലും - ഇന്നലെ, ഇന്ന്, എന്നേക്കും- യേശുക്രിസ്തു അന്യനാണെന്നു പറയുന്നു. യേശുക്രിസ്തു ഇന്നലെ ഈ ഭൂമിയിലായിരുന്നപ്പോൾ ആളുകളുടെ ആവശ്യങ്ങളോട് ആർദ്രതയോടെ പ്രതികരിച്ചെങ്കിൽ, അവരെ കാണുമ്പോൾ ആദ്യം 'ഭയപ്പെടേണ്ട' എന്നു ധൈര്യപ്പെടുത്തിയെങ്കിൽ. അവിടുന്ന് ഇന്നും നാളെയും അങ്ങനെതന്നെ ആയിരിക്കും. 'തന്റെ സ്വഭാവം ത്യജിപ്പാൻ അവിടുത്തേക്കു കഴിയുകയില്ലല്ലോ.' എത്ര വലിയ ധൈര്യമാണു ദൈവസാന്നിധ്യം നമുക്കു നൽകുന്നത്! ആകാശവും ഭൂമിയും മാറിപ്പോയാലും അനന്യനായി നില്ക്കുന്ന യേശു ക്രിസ്തുവിന്റെ വാഗ്ദാനങ്ങളും അങ്ങനെ തന്നെയാണ്. ആകാശവും ഭൂമിയും മാറിപ്പോയാലും ആ വചനങ്ങൾക്കു മാറ്റമില്ലല്ലോ (മത്തായി 24:35). അങ്ങനെ മാറ്റമില്ലാതെ നില്ക്കുന്ന അവിടുത്തെ വാഗ്ദാനങ്ങളിലൊന്നാണ് 'ഞാൻ കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല' എന്നത്. പക്ഷെ വചനം നമ്മെ ശക്തിപ്പെടുത്തുവാൻ ദൈവികവാഗ്ദാനങ്ങളെ കേവലം എഴുതപ്പെട്ട പൊതുവായ വചനങ്ങളായി ('ലോഗോസാ'യി) നാം കണ്ടാൽ പോരാ. അവ ദൈവത്തിന്റെ വായിൽനിന്നുതന്നെ വരുന്ന നമുക്കുവേണ്ടിയുള്ള വ്യക്തിപരമായ വചനമായി ('റീമ'യായി) നാം ഏറ്റെടുക്കേണ്ടതുണ്ട്.

'കർത്താവ് എനിക്കു തുണ. ഞാൻ പേടിക്കയില്ല. മനുഷ്യൻ എന്നോടു എന്തു ചെയ്യും?' ഇതു സങ്കീർത്തനത്തിൽ നിന്നുള്ള ഒരു ഉദ്ധരണിയാണ് (118:6). ദാവീദിന്റെ ഒരു സങ്കീർത്തനത്തിലും ഇതിനു സമാനമായ ഒരു വെല്ലുവിളി നാം കാണുന്നു- "യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു. ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം ഞാൻ ആരെ പേടിക്കും?' (27:1). വാസ്തവത്തിൽ ഈ ധൈര്യത്തിന്റെ വാക്കുകൾ പ്രസ്താവിക്കുന്ന ദാവീദിന്റെ അനുഭവം എന്തായിരുന്നു? ജീവനെ പേടിച്ചും ശൗലിനെ ഭയപ്പെട്ടും ദുർഗ്ഗങ്ങളിലും മരുഭൂമികളിലും ഉഴന്നു നടന്ന ദിനങ്ങൾ. ആ അനുഭവങ്ങൾക്കിടയിലും വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ ഉള്ളവനായിരുന്നു ദാവീദ്. അല്ലെങ്കിൽ നോക്കുക: 'ഞാൻ ഭയപ്പെടുകയില്ല. ജഡത്തിന് എന്നോട് എന്ത് ചെയ്വാൻ കഴിയും?' (സങ്കീ. 54:6). 'ഞാൻ ഭയപ്പെടുകയില്ല. മനുഷ്യന് എന്നോടു എന്തു ചെയ്യാൻ കഴിയും' (56:11). ദാവീദ് ഇങ്ങനെ പറയുമ്പോൾ ഏറ്റവും ഭയപ്പെടാവുന്ന സാഹചര്യമാണ് ദാവീദിന് അപ്പോൾ ഉണ്ടായിരുന്നതെന്ന് 56-ാം സങ്കീർത്തനത്തിന്റെ തലക്കെട്ടു വായിച്ചാൽ വ്യക്തമാകും. പക്ഷേ ആ സമയത്തും ദാവീദ് തന്റെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ ഉപേക്ഷിച്ചില്ല. ഫലം, അവന്റെ വിശ്വാസത്തിന്റെ വാക്കുകൾ ഒടുവിൽ യാഥാർത്ഥ്യമായിത്തീർന്നു. നമുക്കും നിരാശയുടെയും അവിശ്വാസത്തിന്റെയും വാക്കുകൾ ഉപേക്ഷിച്ച് വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ ഉള്ളവരായി തുടരാം.

വിശ്വാസത്തോടെ ദൈവത്തെ ആശ്രയിക്കുന്നത് സംബന്ധിച്ച് ഏറെക്കുറെ ഒരേപോലെ തോന്നുന്ന രണ്ടു വാക്യങ്ങളുണ്ട്. ഒന്ന്: 'ഭയപ്പെടുന്ന നാളിൽ ഞാൻ നിന്നിൽ ആശ്രയിക്കും' (സങ്കീ. 56:3). രണ്ടാമത്തെ വാക്യം 'ഞാൻ ഭയപ്പെടാതെ ആശ്രയിക്കും' (യെശയ്യാ. 12:2). തീർച്ചയായും ഭയപ്പെടാതെ ദൈവത്തിൽ ആശ്രയിക്കുന്നതാണ് മെച്ചപ്പെട്ട കാര്യം. പക്ഷേ അതിലേക്കു വരാൻ കഴിയുന്നത് ഭയപ്പെടുമ്പോൾ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടാണ്. ക്രമേണ ഭയപ്പെടാതെ ദൈവത്തിൽ ആശ്രയിക്കാൻ കഴിയും.

'ഭയപ്പെടേണ്ട'- വിവിധ പ്രശ്നങ്ങളുമായി തന്നെ സമീപിച്ചവരോട് യേശു എപ്പോഴും ആദ്യം അങ്ങനെയാണു പറഞ്ഞിരുന്നത്. എന്തുകൊണ്ടാണ് അവിടുന്ന് അങ്ങനെ പറഞ്ഞത്? യേശു ആദ്യം അവരുടെ ഭയത്തെ പുറത്താക്കുകയായിരുന്നു. തുടർന്ന് രോഗമുൾപ്പെടെയുള്ള അവരുടെ പ്രശ്നങ്ങളെയും. പ്രശ്നപരിഹാരത്തിനു ഭയം തടസ്സമാണെന്ന് അറിയാവുന്നതുകൊണ്ടാണു യേശു ആദ്യം ഭയത്തെ പുറത്താക്കിയത്.

യേശു ഭയപ്പെടേണ്ട എന്നു പറഞ്ഞത് വർത്തമാനകാലത്തെ സംബന്ധിച്ചാണ്: "ഭയപ്പെടേണ്ട, ഏറിയ കുരികിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ."(മത്താ. 10:31). ദൈനംദിനജീവിതത്തിലെ ആവശ്യങ്ങളുടെ മുൻപിൽ അവ എങ്ങനെ സാധിക്കും എന്നറിയാതെ മനുഷ്യർ ഭയപ്പെട്ടുപോയേക്കാം. പക്ഷേ യേശു പറഞ്ഞു: "എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്... ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല. എങ്കിലും സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലോ" (മത്താ:6:25,26). ചുരുക്കത്തിൽ വർത്തമാനകാലത്തെ ദൈനംദിന ആവശ്യങ്ങളെ ഓർത്തും നാം ഭയപ്പെടേണ്ട.

മാത്രമോ? അവിടുന്നു പറഞ്ഞു: 'ഞാനാ ലോകാവസാനത്തോളം എല്ലാനാളും (ഓരോ നാളും) നിങ്ങളോടു കൂടെയുണ്ട്' (മത്താ.28:20).

'ഒരുനാളും കൈവിടുകയില്ല' എന്നു പറഞ്ഞവൻ 'ഓരോനാളും കൂടെയുണ്ട്' -ഇതിൽ കവിഞ്ഞ് എന്താണ് വേണ്ടത്?



# ദൈവതിരുമുമ്പിൽ ശിശുക്കളെപ്പോലെ


ശിശുക്കളെപ്പോലെയാകുന്നവർക്കേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയൂവെന്ന് യേശു നമ്മെ ഓർമ്മിപ്പിക്കുന്നു. ശിശുസഹജമായ ഹൃദയം സൂക്ഷിക്കുന്നവർക്ക് സ്വർഗ്ഗപ്രാപ്തി എളുപ്പമായിരിക്കും. ശിശുക്കളെ സസൂക്ഷ്മം വീക്ഷിക്കുമ്പോൾ ചില പ്രത്യേകതകൾ നാം കണ്ടെത്തും. ശിശുസഹജമായ ആ പ്രത്യേകതകൾ സൂക്ഷിക്കുന്നവർക്ക് ദൈവരാജ്യം അകലെയല്ല. ശിശുക്കളെ കരങ്ങളിലെടുത്ത് ആശീർവദിച്ചവൻ ഇപ്രകാരമുള്ള ആഹ്വാനം നല്കുന്നത് നാം ശ്രദ്ധയോടെ സ്വീകരിക്കണം. ശിശുക്കളുടെ പ്രത്യേകതകളെ ഒന്നു ശ്രദ്ധിക്കാം. നിഷ്കളങ്കതയാണ് ഒന്നാമത്തെ പ്രത്യേകത. ഒളിക്കുവാനും മറയ്ക്കുവാനും ഒന്നുമില്ല. ശരീരമാണെങ്കിലും മനസ്സാണെങ്കിലും. ശിശുസഹജമായ നിഷ്ക്കളങ്കതയുടെ പ്രതീകമാണ് നഗ്നത. ഉല്പത്തി 2:25-ൽ പറയുന്നു: 'പുരുഷനും സ്ത്രീയും നഗ്നരായിരുന്നു. അവർക്കു ലജ്ജ തോന്നിയില്ല. ഒളിക്കാനില്ലാത്ത അവസ്ഥയാണ് നഗ്നത. പ്രായമാകുമ്പോൾ ഉള്ളിൽ ഉയർന്നുവരുന്ന കാപട്യങ്ങളില്ല. കണക്കുകൂട്ടിയുള്ള സംസാരമില്ല. മലിനമായ ചിന്തകളില്ല. ആ നിഷ്കളങ്കത കുഞ്ഞുങ്ങളുടെ കണ്ണുകളിൽ കാണാം. കാപട്യമില്ലാത്ത ജീവിതം നയിക്കുന്നവർക്കേ കർത്താവിലെത്താൻ കഴിയൂ. ഉള്ളിൽ കത്തിയും പുറത്തു ഭക്തിയും കാണിക്കുന്നവർ ദൈവരാജ്യത്തിൽ നിന്ന് അകലെയാണ്. ചെറുതും വലുതുമായ ഏതു കാര്യം കേട്ടാലും ശിശുക്കൾക്ക് എല്ലാം ഒന്നുപോലെയാണ്. ഓണം ബംബർ അടിച്ചെന്നറിഞ്ഞാലും ക്യാൻസർ ആണെന്നു പറഞ്ഞാലും ഒരേ ഭാവത്തിൽ കേട്ടുകൊണ്ടിരിക്കും. നമ്മൾ വലുതെന്നു കാണുന്ന പലതിനെയും ശിശുക്കൾ നിസ്സാരമായി കാണും. കറങ്ങുന്ന കസേരകൾ അധികാരത്തിന്റെ പ്രതീകമായി നമ്മൾ കാണുമ്പോൾ കുഞ്ഞുങ്ങൾ അതിന് ബാർബർ ഷോപ്പിലെ കസേരയുടെ വിലയേ നല്കൂ. വലിയവർ നല്കുന്ന വലിപ്പത്തിനൊന്നും കുഞ്ഞുങ്ങൾ കാതുകൊടുക്കാറില്ല. ഏത് അവസ്ഥയേയും ഒരേ ഭാവത്തോടെ കാണുന്ന മനസ്സ് നമുക്കു വേണം. ആവശ്യമില്ലാത്ത അസ്വസ്ഥതകളും പിരിമുറുക്കങ്ങളും നമ്മെ വേട്ടയാടുന്നതിന്റെ കാരണം അനാവശ്യമായി നാം ഹൃദയത്തിൽ സൂക്ഷിക്കുന്ന ആഗ്രഹങ്ങളാണ്. ഹൃദയനൈർമ്മല്യത്തോടെ ജീവിച്ച് അഹംബോധത്തെ നിഗ്രഹിച്ചു മുന്നേറുമ്പോൾ നമ്മളും ശിശുക്കളെപ്പോലെ ആയിത്തീരും.




അത്ഭുതം നിറഞ്ഞ ഒരു കണ്ണും കാഴ്ചപ്പാടും ശിശുക്കളുടെ പ്രത്യേകതയാണ്. ആനയെ കണ്ടാലും പശുവിനെ കണ്ടാലും പൂച്ചയെയും പട്ടിയെയും കണ്ടാലും അത്ഭുതത്തോടെ കുഞ്ഞുങ്ങൾ നോക്കും. അത്ഭുതത്തോടും ആദരവോടും കൂടി ദൈവത്തെ നോക്കി കാണണം. പ്രപഞ്ചം ദൈവത്തിന്റെ അത്ഭുതമാണ്. ഒന്നിനെയും നിസ്സാരമായി തള്ളിക്കളയരുത്. ആകാശത്തിലെ പറവയും വയലിലെ പൂക്കളുമെല്ലാം നമ്മെ വിസ്മയിപ്പിക്കണം. എല്ലാറ്റിലും ദൈവത്തിന്റെ കൈയ്യൊപ്പു കാണണം. പ്രപഞ്ചം ദൈവത്തിന്റെ കൈവേലയായി നാം കാണണം. നിസ്സാരമെന്നു നാം വിധിക്കുന്നതൊന്നും നിസ്സാരമായവയല്ല. ദൈവത്തിന്റെ പദ്ധതിയിൽ വിലപ്പെട്ടവയാണ്. ഓരോ മനുഷ്യരെയും ആദരവോടെ സ്വീകരിക്കുക. ശിശുക്കളുടെ മറ്റൊരു പ്രത്യേകത പരിപൂർണ്ണമായ വിശ്വാസമാണ്. അമ്മ എന്തു പറഞ്ഞാലും കുഞ്ഞുങ്ങൾ വിശ്വസിക്കും. ആകാശത്തിലേക്കു വിരൽ ചൂണ്ടി അമ്മ എന്തു പറഞ്ഞാലും കുഞ്ഞ് അതു വിശ്വസിച്ചു മുകളിലേക്കു നോക്കും. അമ്മയിലുള്ള കുഞ്ഞിന്റെ വിശ്വാസം പോലെ നാം ദൈവത്തിൽ വിശ്വസിക്കണം. ഭൂതകാലത്തെക്കുറിച്ചു നൊമ്പരമില്ല. ഭാവിയെക്കുറിച്ച് ആകുലതകളില്ല. വർത്തമാനകാലത്തിൽ സ്വസ്ഥമായി ജീവിക്കുവാൻ കഴിയുക. ഇതാണ് പരിപൂർണ്ണ ദൈവാശ്രയമുള്ളവരുടെ പ്രത്യേകത. ഞാൻ ചലിക്കുന്നതും ചരിക്കുന്നതും ദൈവത്തിന്റെ കരങ്ങളിലാണ്. ഈ ഉറപ്പ് നമുക്കുണ്ടാകണം. ആരോടും അധികസമയം പിണങ്ങിയിരിക്കാൻ കുഞ്ഞുങ്ങൾക്കാവില്ല. വഴക്കടിച്ചാലും ഏതാനും സമയം കഴിയുമ്പോൾ എല്ലാം മറക്കും. "സൂര്യൻ അസ്തമിക്കുന്നതിനു മുമ്പ് കോപം അസ്തമിക്കണം" എന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. വാശിയോ വൈരാഗ്യമോ കുഞ്ഞുങ്ങൾക്കില്ല. നിസ്സാരപ്പെട്ട കാര്യത്തിൽ മരണംവരെ പിണങ്ങിയിരിക്കുന്നവരില്ലേ? അയവും വിട്ടുവീഴ്ചയുമില്ലാതെ ക്രൂരതയോടെ പെരുമാറുന്നവരില്ലേ? അവരെയൊക്കെ ലജ്ജിപ്പിച്ചുകൊണ്ട് ശിശുക്കൾ നമ്മുടെ മുമ്പിൽ നിൽക്കുന്നു. ആരോടും പിണക്കം വച്ചുകൊണ്ട് ഒരു രാത്രിപോലും ഉറങ്ങരുതെന്ന് തിരുവചനം പഠിപ്പിക്കുന്നു. അമ്മയോട് എന്തു ചോദിച്ചാലും അതു ലഭിക്കുമെന്ന് കുഞ്ഞിന് ഉറപ്പുണ്ട്, അതുകൊണ്ട് മടികൂടാതെ അമ്മയോടു ചോദിച്ചുകൊണ്ടിരിക്കും. ദൈവതിരുമുമ്പിൽ ഈ മനോഭാവം നമുക്കും വേണം.



# ബാലവേദി



## ആൽബർട്ട് ഐൻസ്റ്റൈൻ





**1879** മാർച്ച് 14-ന് ജർമ്മനിയിലാണ് ഐൻസ്റ്റൈൻ ജനിച്ചത്. ബാല്യത്തിൽ വളരെ വൈകി സംസാരിക്കാൻ തുടങ്ങിയ കുട്ടിയായിരുന്നു ഐൻസ്റ്റൈൻ. പോരാത്തതിന് പറയുന്ന വാക്കുകളും വാചകങ്ങളും വീണ്ടും വീണ്ടും ആവർത്തിക്കുന്ന അസ്പെർജേർ സിൻഡ്രോം എന്ന രോഗത്തിന്റെ ലക്ഷണങ്ങളും കാണിച്ചിരുന്നു ആ കുട്ടി. എന്തെങ്കിലും പഠിക്കാൻ കഴിയുമോ എന്നുപോലും ഡോക്ടർമാർ സംശയിച്ചിരുന്നു. സ്കൂൾ പഠനകാലത്ത് മാത്രമല്ല, കോളേജിലായിരുന്നപ്പോഴും ഐൻസ്റ്റൈൻ തികച്ചും അസ്വസ്ഥനായ വിദ്യാർഥിയായിരുന്നു. പഠനരീതികളോട് പൊരുത്തപ്പെടാൻ കഴിയാതിരുന്ന ആ വിദ്യാർഥി അധ്യാപകരുടെ കണ്ണിലെ കരടായി.

സൂറിച്ചിൽ സ്വിസ് ഫെഡറൽ പോളിടെക്നിക്കൽ സ്കൂളിലെ പഠനം നന്നായി പൂർത്തിയാക്കാൻ ഐൻസ്റ്റൈന് കഴിഞ്ഞിരുന്നില്ല. അതോടെ അധ്യാപകനാവുകയെന്ന മോഹം ഉപേക്ഷിക്കേണ്ടിവന്നു അദ്ദേഹത്തിന്. പിന്നീട് സ്വിറ്റ്സർലൻഡിലെ ബേണിൽ പേറ്റന്റ് ഓഫീസിൽ ഗുമസ്തനായിച്ചേർന്നു. പേറ്റന്റ് അപേക്ഷകൾ പരിശോധിക്കുന്ന ജോലിക്കിടെ ഭൗതികശാസ്ത്രത്തിലെ നാഴികക്കല്ലുകളായി മാറിയ ഏതാനും പ്രബന്ധങ്ങൾ 1905-ൽ ഐൻസ്റ്റൈൻ പ്രസിദ്ധീകരിച്ചു. അതിൽ ഏറ്റവും പ്രധാനം വിശിഷ്ട ആപേക്ഷികതാസിദ്ധാന്തമായിരുന്നു. പ്രകാശത്തെ കണങ്ങളായി പരിഗണിച്ചുകൊണ്ട് ഫോട്ടോഇലക്ട്രിക് പ്രഭാവത്തിന് നൽകിയ വിശദീകരണമായിരുന്നു മറ്റൊരു പ്രബന്ധം, അതിന് 1921-ൽ ഐൻസ്റ്റൈന് നൊബേൽ പുരസ്കാരം ലഭിച്ചു. എന്നാൽ ഐൻസ്റ്റൈന്റെ $E=mc^2$ എന്ന ഏറെ പ്രശസ്തമായ സമവാക്യത്തിൽ നിന്നാണ് ആറ്റംബോംബ് വികസിപ്പിച്ചെടുത്തത് എന്നത് ഒരു വലിയ വൈരുദ്ധ്യമാണ്.

വയലിൻ കമ്പക്കാരനായിരുന്നു ആൽബർട്ട് ഐൻസ്റ്റെൻ. വീടിന്റെ താക്കോൽ എവിടെയാണെന്ന് സ്ഥിരമായി മറന്നുപോകുന്നതും ജീവിതത്തിൽ ഒരിക്കലും സോക്സ് ധരിക്കില്ലായിരുന്നു എന്നതും ഒരിക്കലും വാഹനം സ്വന്തമായി ഓടിച്ചിരുന്നില്ല എന്നതും ഐൻസ്റ്റൈന്റെ ജീവിതത്തിലെ മറ്റ് കൗതുകങ്ങളാണ്.

## സോറി, ഇങ്ങനെയും പറയാനാകില്ല



'നമ്മുടെ തലച്ചോറിന്റെ ആകെ പത്ത് ശതമാനം മാത്രമേ നമ്മൾ ജീവിതകാലം മുഴുവൻ ഉപയോഗിക്കാറുള്ളൂ!'

കാലങ്ങളായി നമ്മളെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു 'കണ്ടുപിടിത്ത'മാണിത്. ഇതിൽ വാസ്തവമേയില്ല എന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. നമ്മുടെ ചിന്തകൾ, ഓർമ്മ, ബുദ്ധി തുടങ്ങിയവയെല്ലാം കൈകാര്യം ചെയ്യുന്നതിനൊപ്പം രക്തചംക്രമണം, ശ്വസനം തുടങ്ങി ശരീരത്തിലെ പ്രവർത്തനങ്ങളെല്ലാം നിയന്ത്രിക്കുന്നത് തലച്ചോറാണ്. ഇതിനായി എപ്പോഴും തലച്ചോറിന്റെ വിവിധ ഭാഗങ്ങൾ പ്രവർത്തിച്ചേ ഒക്കൂ. അപ്പോൾ പിന്നെ ഈ പത്തുശതമാനം കണക്ക് എങ്ങനെ ശരിയാകും?

എങ്കിൽപ്പിന്നെ, നമ്മൾ തലച്ചോറിന്റെ 100 ശതമാനവും ഉപയോഗിക്കുന്നുണ്ടാവും. സോറി, ഇങ്ങനെയും പറയാനാകില്ല. കാരണം ഗവേഷകരുടെ അഭിപ്രായത്തിൽ തലച്ചോറിന്റെ ഏകദേശം 60 ശതമാനവും നമുക്ക് ഇതുവരെ പിടികിട്ടാത്ത 'ന്യൂറൽ ഡാർക്ക് മാറ്റർ' ആണുള്ളത്. അതായത് നമ്മുടെ തലച്ചോറിൽ എന്താണ് നടക്കുന്നത് എന്നതിനെക്കുറിച്ച് പൂർണ്ണമായ ഐഡിയ നമുക്ക് ഇപ്പോഴും ഇല്ല.

ഏതായാലും നമ്മുടെ തലച്ചോറിൽ ഇനിയും ഉപയോഗിക്കാതെ കിടക്കുന്ന ധാരാളം ശേഷികളുണ്ട് എന്നുതന്നെ നമുക്ക് കരുതാം.

## റീഡേഴ്സ് ഡൈജസ്റ്റ്

പത്തുപേരുടെ വിലാസങ്ങൾ നല്കിയാൽ സബ്സ്ക്രിപ്ഷൻ സൗജന്യം. പരസ്യം കണ്ട് പത്തുവിലാസങ്ങൾ അയച്ചു നല്കി തന്റെ പേരിൽ സൗജന്യമായി എത്തുന്ന ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാൻ കാത്തിരുന്ന ഒരു തലമുറയുണ്ടായിരുന്നു പതിറ്റാണ്ടുകൾക്ക് മുമ്പ്, ആ കവറുകൾക്കുള്ളിൽ റീഡേഴ്സ് ഡൈജസ്റ്റ് എന്ന




പേരിലെത്തിയിരുന്ന പുസ്തകത്തിന്റെ കവർ ചട്ടപോലും ഏറെ ആകർഷണീയമായിരുന്നു. അന്നത്തെ കുട്ടികളുടെ വായനാശീലത്തെ വളർത്തുന്നതിൽ വിഖ്യാത പങ്കുവഹിച്ച ആ റീഡേഴ്സ് ഡൈജസ്റ്റ് നൂറാം വയസിലേക്കു കടക്കുകയാണ്. 1922 ഫെബ്രുവരിയിൽ അമേരിക്കയിൽനിന്നും ആരംഭിച്ച മാസിക 46 രാജ്യങ്ങളിലായി പതിനേഴു ഭാഷകളിൽ ഇന്നും പ്രസിദ്ധീകരിക്കുന്നു. ദമ്പതികളായ ഡിവിറ്റ് (DeWtti Wallace), ലീലാബെൽ വാലസ് (Lila Bell) എന്നിവർ ചേർന്നാണ് അമേരിക്കയിൽ മാസിക ആരംഭിച്ചത്.

## ന്യൂട്ടന്റെ ആപ്പിൾ മരം




ഐസക് ന്യൂട്ടന്റെ തലയിൽ ആപ്പിൾ വീണ കഥ കേട്ടിട്ടില്ലേ? ന്യൂട്ടൻ ഭൂഗുരുത്വ നിയമം കണ്ടെത്തുന്നതിന് കാരണമായ ആ ആപ്പിൾ മരം ഇപ്പോൾ വീണ്ടും വാർത്തകളിൽ നിറഞ്ഞിരിക്കുകയാണ്. സംഭവം എന്താണെന്നോ?

ഐസക് ന്യൂട്ടന്റെ തലയിൽ ആപ്പിൾ വീഴ്ത്തിയ ആ മരത്തിന്റെ ജനിതക പകർപ്പിലൊന്ന് കേംബ്രിജ് സർവ്വകലാശാലയിൽ ഉണ്ടായിരുന്നു. എന്നാൽ അവിടെ വീശിയടിച്ച ശക്തമായ യൂണിഷ് കൊടുങ്കാറ്റിൽ കഴിഞ്ഞ മാസം ആ മരം നിലംപതിച്ചു. യഥാർഥ മരത്തിൽനിന്ന് ക്ലോൺ ചെയ്തെടുത്ത മരമായിരുന്നു അത്. 1954-ൽ 68 വർഷം മുമ്പാണ് സർവകലാശാലയിലെ സസ്യോദ്യാനത്തിൽ ആ മരം കുഴിച്ചിട്ടത്. ഹണിഫംഗസ് ബാധയാണ് ആപ്പിൾമരം നശിക്കാൻ കാരണമായത്.

ഈ മരം ഉൾപ്പെടെ മൂന്ന് മരങ്ങളാണ് ഐസക് ന്യൂട്ടന്റെ ആപ്പിൾ മരത്തിന്റെ ക്ലോൺ ആയി ലോകത്തുണ്ടായിരുന്നത്. ഇപ്പോൾ നിലംപതിച്ച മരത്തിന്റെ ക്ലോണും വെച്ചുപിടിപ്പിക്കുമെന്ന് സർവകലാശാലാ അധികൃതർ അറിയിച്ചിട്ടുണ്ട്.

ഇംഗ്ലണ്ടിലെ ലിങ്കൺഷയറിലെ ന്യൂട്ടന്റെ ജന്മസ്ഥലത്താണ് യഥാർഥ ആപ്പിൾ മരമുള്ളത്. അത് ഇപ്പോഴും അവിടെയുണ്ട് കേട്ടോ! ശിഖരങ്ങൾ ഒട്ടിച്ചുചേർക്കുന്ന ഗ്രാഫ്റ്റിങ് (grafting) എന്ന വിദ്യ വഴിയാണ് ആ മരം ഇപ്പോഴും നിലനിർത്തുന്നത്.

## ആപ്പ് ആപ്പാകുമ്പോൾ



ഇന്ന് മൊബൈലിൽ ഇൻസ്റ്റാൾ ചെയ്യാനായി ധാരാളം ആപ്പുകളുണ്ട്. ദൈനംദിന ജീവിതത്തെ സഹായിക്കുന്നതിനും വിനോദത്തിനുമായൊക്കെ പലതരം ആപ്പുകൾ. ഇവയൊക്കെ നമ്മൾ ഫോണിൽ ഇൻസ്റ്റാൾ ചെയ്യുമ്പോൾ അതിലൂടെ വരുന്ന അപകടങ്ങളെപ്പറ്റി എത്രപേർ ചിന്തിച്ചിട്ടുണ്ടാവും? ഡാറ്റ തീരുന്നതുമാത്രമല്ല പ്രശ്നം. ഓരോ ആപ്പും ഇൻസ്റ്റാൾ ചെയ്യുമ്പോൾ അക്സെപ്റ്റ്, ഓക്കെ എന്നൊക്കെയുള്ള ബട്ടണുകൾ കണ്ണുമടച്ച് അമർത്തുമ്പോൾ സംഭവിക്കുന്നത് നമ്മൾ ഒരിക്കലും ചിന്തിക്കാത്ത കാര്യങ്ങളായിരിക്കും.

ഉദാഹരണമായി, സ്നാപ്ചാറ്റ് എന്ന ആപ്പ് പലർക്കും പരിചയമുള്ളതാണല്ലോ. അത് ഇൻസ്റ്റാൾ ചെയ്യുമ്പോൾ നമ്മൾ പലതിനും അനുമതി കൊടുക്കേണ്ടിയിരിക്കുന്നു. ഉപയോഗിക്കുന്ന വ്യക്തിയുടെ പേര്, ജനന തീയതി, പുരുഷനാണോ സ്ത്രീയാണോ, മൊബൈൽ നമ്പർ, മെയിൽ ഐ.ഡി, നമ്മുടെ കോൺടാക്റ്റ്സ്, ഫോണിലെ ക്യാമറ, ഓഡിയോ റെക്കോഡിങ്, ഫോൺ ഗ്യാലറി അങ്ങനെ സ്നാപ്ചാറ്റ് വർക്ക് ചെയ്യാൻ ഇതിനെല്ലാം അനുമതി കൊടുക്കണം. എങ്കിലേ ആപ്പ് വർക്കാവുകയുള്ളൂ.

നമ്മുടെ മുഖങ്ങൾ പലരീതിയിൽ വരുത്താനും മിനുക്കാനും രസികൻ വീഡിയോകൾ ആക്കാനുമൊക്കെ പല ആപ്പുകൾക്കും പറ്റും.

ഈ ആപ്പുകാർക്ക് നമ്മുടെ മുഖം ഇങ്ങനാക്കിയിട്ട് എന്താണ് ലാഭം? അത് മറ്റൊന്നുമല്ല, നമ്മുടെ മൊബൈലിലെ വിവരങ്ങൾ ചോർത്തിയെടുക്കുക എന്നതുതന്നെ. ഒരുപക്ഷേ, നമ്മൾ ഗ്യാലറിയിൽ സൂക്ഷിച്ചിരിക്കുന്ന നമ്മുടെ സ്വകാര്യ ഫോട്ടോകൾ വരെ ഇത്തരക്കാർ തട്ടിയെടുത്ത് മറ്റുള്ളവർക്ക് കച്ചവടമാക്കും.

നമ്മുടെ പ്രായം കൂട്ടിയോ കുറച്ചോ കാണിക്കുന്ന ആപ്പ്, ഗ്ലാമർ കൂട്ടിക്കാണിക്കുന്ന ആപ്പ് തുടങ്ങിയവയൊക്കെ നമ്മളെ ആപ്പിലാക്കാൻ സാധ്യതയുണ്ടെന്ന് ഓർക്കണം.




ഇംഗ്ലിഷിലെ രസകരമായ ശൈലികൾ പരിചയപ്പെടാം! SHOE എന്ന വാക്ക് വരുന്ന ചില ശൈലികളാണ് ഈ ലക്കത്തിൽ.




### BE IN SOMEBODY'S SHOES

മറ്റൊരാളുടെ അതേ സാഹചര്യത്തിലാകുക എന്ന അർഥത്തിൽ ഉപയോഗിക്കുന്ന ശൈലി.
If you were in his shoes what would you do?

### PEA IN THE SHOE

ചെറിയ ബുദ്ധിമുട്ട്, ശല്യം, സ്വൈരക്കേട് തുടങ്ങിയവയെ സൂചിപ്പിക്കുന്ന ശൈലി.
Don't worry about the noise. That's just a pea in the shoe.

### SHOE THE GOOSE

ഒരു പ്രയോജനവും ഉണ്ടാകാത്ത എന്തെങ്കിലും കാര്യം ചെയ്യുക എന്ന അർഥമുള്ള ശൈലി.
I told Tom that he was shoeing the goose when I saw him repairing his old scooter.

### FILL SOMEONE'S SHOES

എന്തെങ്കിലും കാര്യത്തിൽ ഒരാളുടെ പകരക്കാരനാകുക എന്ന അർഥമുള്ള ശൈലി.
It will be hard to find someone to fill her shoes when she retires.

### DROP THE OTHER SHOE

എന്തെങ്കിലും ഒരു കാര്യത്തിന്റെ അവസാന ഭാഗം കൂടി ചെയ്ത് പൂർത്തിയാക്കുക എന്ന അർഥത്തിൽ ഉപയോഗിക്കുന്ന ശൈലി.
The company has already expressed their disinterest in this project, so it's only a matter of time before they drop the other shoe and reject it altogether.

# ഹാബേലും ഹാനോക്കും



തിരുവചനം ഹാബേലിനെക്കുറിച്ച് ഇങ്ങനെ പറയുന്നു: "വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവനു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിനു (വഴിപാടുകൾക്ക് എന്ന് ഇംഗ്ലീഷിൽ) സാക്ഷ്യം കല്പ്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു" (എബ്രാ.11:4).

ഈ വാക്യത്തെക്കുറിച്ചു വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളും നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതു ദൈവം തന്നെയാണു ഹാബേലിന്റെ വഴിപാടുകൾക്കു സാക്ഷ്യം നൽകുന്നത്. തീർച്ചയായും ഒന്നിലേറെ വഴിപാടുകൾ ഉണ്ടായിരുന്നു. ഹാബേൽ ദൈവത്തിനു യാഗങ്ങൾ കഴിക്കുന്നത് ഒരു പതിവായിരുന്നു എന്നുവേണം ചിന്തിക്കാൻ.

രണ്ടാമത് ഹാബേൽ ദൈവത്തിന് യാഗപീഠം പണിതു. കാരണം അതിന്മേലാണല്ലോ യാഗങ്ങൾ അർപ്പിച്ചിരുന്നത്. ഹാബേൽ ഇതിന്മേൽ യാഗം അർപ്പിക്കാൻ ഊനമില്ലാത്ത ആടുകളെ കൊണ്ടുവന്നു. അവയുടെ മേദസ്സും അവൻ അർപ്പിച്ചു. തിരുവചനം ഇങ്ങനെ പറയുന്നു: "ഹാബേൽ തന്റെ ആട്ടിൻ കൂട്ടത്തിലെ കടിഞ്ഞൂൽകുഞ്ഞുങ്ങളെയെടുത്ത് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ അവിടുത്തേക്കു കാഴ്ചവച്ചു. ഹാബേലിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടുന്നു പ്രസാദിച്ചു." (ഉൽപ.4:4)



**ജീവസന്ദേശം**

ടി.എം. വർഗ്ഗീസ് ഓതറ

കൊഴുപ്പ്, മേദസ്സ്, എന്തിനെയാണ് കാണിക്കുന്നത്? ലേവ്യ പുസ്തകത്തിൽ മേദസ്സിനെക്കുറിച്ച് ഇങ്ങനെ പറയുന്നു: "പുരോഹിതൻ അവ ബലിപീഠത്തിൽ വച്ചു ദഹിപ്പിക്കണം. അതു കർത്താവിനു പ്രീതികരമായ സൗരഭ്യത്തിനായി അഗ്നിയിൽ സമർപ്പിക്കുന്ന ഭോജന ബലിയാണ്. മേദസ്സു മുഴുവൻ കർത്താവിനുള്ളതത്രേ" (ലേവ്യ 3:16).

യാഗത്തിൽ മേദസ്സാണ് സൗരഭ്യവാസനയായിത്തീരുന്നത്. അതു വേഗത്തിൽ തീ പിടിക്കുകയും ദഹിക്കുകയും സൗരഭ്യവാസനയായി ഉയരുകയും ചെയ്യുന്നു. ആ മേദസ്സിനെക്കുറിച്ച് ദൈവം ഇങ്ങനെയാണ് പറയുന്നത് : "മേദസ്സു മുഴുവൻ കർത്താവിനുള്ളത്. രക്തവും മേദസ്സും ഭക്ഷിച്ചു കൂടാ എന്നതു നിങ്ങൾ വസിക്കുന്നിടത്തെല്ലാം തലമുറതോറും എന്നേക്കുമുള്ള ഒരു നിയമമായിരിക്കും" (3:11). മേദസ്സ് കർത്താവിനു മാത്രം അവകാശപ്പെട്ടതാണ്.

ബൈബിളിൽ ഇത്തരം അർപ്പണത്തിന്റെ ആദ്യവിവരണം ഹാബേലിന്റെ ചരിത്രത്തിലാണു നാം കാണുന്നത്. യാഗപീഠത്തിൽ യാഗവും മേദസ്സും പൂർണ്ണമായി ദഹിക്കാൻ ഹാബേൽ അനുവദിച്ചു. തന്റെ യാഗത്തിന്റെ സൗരഭ്യം സ്വർഗ്ഗത്തിലെത്തുന്നതിനായി ദൈവസന്നിധിയിൽ അവൻ കാത്തുനിന്നുവെന്നു സാരം.

ഇതുകൊണ്ടാണ് ഹാബേലിനെ എബ്രായർ 11-ലെ വിശ്വാസവീരന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ദൈവവുമായി അടുത്ത കൂട്ടായ്മയുള്ള ദൈവഭൃത്യന്മാരിൽ ഒരുവനായിരുന്നു ഹാബേൽ. തനിക്കുള്ള ഏറ്റവും ഉത്തമമായതു ദൈവത്തിനായി അർപ്പിച്ച ഹാബേൽ, എബ്രായലേഖനകാരൻ പ്രഖ്യാപിക്കുന്നതുപോലെ ഈ തലമുറയോടു അക്കാര്യം 'സംസാരിച്ചുകൊണ്ടിരിക്കുക'യാണ്. സത്യമായ, ജീവനുള്ള വിശ്വാസം ജീവിതത്തിലൂടെ പകർത്തിക്കാട്ടിയ ഹാബേൽ വിശ്വാസത്താൽ പിന്നീടു വന്ന എല്ലാ തലമുറയേയും ഈ കാര്യത്തിനായി ഉത്സാഹിപ്പിച്ചുകൊണ്ട് അവരോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്, മരിച്ചെങ്കിലും അവൻ ഇന്നും സംസാരിച്ചുകൊണ്ടിരിക്കുന്നു (എബ്രാ. 11:4). എങ്ങനെയാണ് ഹാബേലിന് ഈ വിശ്വാസം ലഭ്യമായത്? തന്റെ മാതാപിതാക്കൾ ഏദൻ തോട്ടത്തിൽ ദൈവവുമായി പുലർത്തിയ കൂട്ടായ്മയെക്കുറിച്ച് ഹാബേൽ അവരിൽ നിന്നുതന്നെ കേട്ടിട്ടുണ്ടായിരിക്കും. അത്തരം മധുരസമ്പർക്കം ഒരു ഭൂതകാലസ്മരണമാത്രമായി നില്ക്കരുതെന്ന് ഹാബേലിനു നിർബന്ധമുണ്ടായിരുന്നു.

ഈ 'മേദസ്സു' തന്നെയാണു നാമും ഇന്നു കർത്താവിന് അർപ്പിക്കേണ്ടത്. ഹാബേലിനെപോലെ നാമും നമ്മെതന്നെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കണം (റോമ.12:1). അവിടുത്തെ സന്നിധിയിൽ നമ്മുടെ വഴിപാട് അവിടുന്നു പൂർണ്ണമായി സ്വീകരിക്കാൻ നാം കാത്തുനിൽക്കണം.

ഇനിയും നമുക്കു ഹാബേലിന്റെ വഴിപാടിനെ തന്റെ സഹോദരൻ കയീന്റേതിനോടു താരതമ്യം ചെയ്തുനോക്കാം. കയീൻ കൊണ്ടുവന്ന കായ്കനികൾ അർപ്പിക്കാൻ ഒരു യാഗപീഠം ആവശ്യമായിരുന്നില്ല. അവിടെ മേദസ്സോ കൊഴുപ്പോ ഒന്നും ഉണ്ടായിരുന്നില്ല. ഫലം സ്വർഗ്ഗത്തിലേക്ക് ഉയരുന്ന സൗരഭ്യം അവിടെ ഇല്ലായിരുന്നു.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ കയീന് ദൈവത്തോടുള്ള ബന്ധത്തിൽ ഒരടുപ്പവും ഉണ്ടായിരുന്നില്ല. വ്യക്തിപരമായ ഒരു പങ്കിടൽ ദൈവവും കയീനുമായി ഉണ്ടായിരുന്നില്ല. കയീന് ദൈവത്തിനുവേണ്ടി ഒരു ദാഹം, വാഞ്ഛ, ഇല്ലായിരുന്നു.

എന്റെ അഭിപ്രായത്തിൽ കയീൻ ഇന്നത്തെ പല വിശ്വാസികളുടേയും പ്രതിനിധിയാണ്. ഇത്തരം ക്രിസ്ത്യാനികൾ എല്ലാ ആഴ്ചയും സഭയിൽ പോകുകയും ദൈവത്തെ 'ആരാധിക്കുകയും തങ്ങളെ അനുഗ്രഹിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ കർത്താവുമായി അടുത്ത ബന്ധം പുലർത്താൻ അവർക്ക് ആഗ്രഹമില്ല. സ്വർഗ്ഗസ്ഥപിതാവ് തങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകണമെന്ന് അവർ ആഗ്രഹിക്കുന്നു. പക്ഷേ തന്നോട് ഒരു കൂട്ടായ്മയ്ക്ക് അവർക്ക് ആഗ്രഹമില്ല. അവർ അവിടുത്തെ മുഖം അന്വേഷിക്കുകയോ അവിടുത്തെ സാമീപ്യത്തിനായി വാഞ്ഛിക്കുകയോ ചെയ്യുന്നില്ല.


നേരേ മറിച്ച് ദൈവത്തോട് ഹൃദയൈക്യമുള്ള വിശ്വസ്തനായ ദൈവഭൃത്യൻ തന്റെ ജീവിതത്തിൽ ദൈവസ്പർശനത്തിനായി കാത്തിരിക്കുന്നു. ഹാബേലിനെപ്പോലെ അതിൽ കുറഞ്ഞൊന്നുകൊണ്ടും അവൻ തൃപ്തനാവുകയില്ല.

### ഹാനോക്ക്

ഹാനോക്കും, ദൈവത്തോടുള്ള ഗാഢമായ കൂട്ടായ്മ ആസ്വദിച്ച ആളാണ്. ദൈവത്തോടുള്ള അദ്ദേഹത്തിന്റെ ബന്ധം വളരെ തീവ്രമായ ഒന്നായിരുന്നതിനാൽ ഭൂമിയിലെ ജീവിതം അവസാനിക്കുന്നതിനു മുൻപു തന്നെ ദൈവം ഹാനോക്കിനെ മഹത്വത്തിലേക്കു പ്രവേശിപ്പിക്കുകയായിരുന്നു "വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു...". താൻ എടുക്കപ്പെടുന്നതിനു മുൻപുതന്നെ അവൻ ദൈവത്തെ പ്രസാദിപ്പിച്ചതായി സാക്ഷ്യം പ്രാപിച്ചു (എബ്രാ.11:5).

തന്നോടുള്ള ഹാനോക്കിന്റെ ഹൃദയൈക്യമാണു ദൈവത്തിനു പ്രീതികരമായിത്തീർന്നതെന്നു തിരുവെഴുത്ത് വെളിപ്പെടുത്തുന്നു. നമ്മുടെ അറിവനുസരിച്ച് ഈ മനുഷ്യൻ അത്ഭുതങ്ങളൊന്നും പ്രവർത്തിച്ചിട്ടില്ല. ഒരു വലിയ വേദശാസ്ത്രം വികസിപ്പിച്ചെടുത്തില്ല. തിരുവെഴുത്തിൽ രേഖപ്പെടുത്താവുന്ന മഹത്തായ പ്രവൃത്തികളൊന്നും തന്നെ അദ്ദേഹം ചെയ്തിട്ടില്ല. എന്നാൽ ഈ വിശ്വസ്തത, ദൈവഭൃത്യന്റെ ജീവിതത്തിന്റെ ആകെത്തുക ലളിതമായ ഒരു വാചകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു'.

# പ്രസംഗം പ്രവൃത്തിയിൽനിന്നു വേറിടുമ്പോൾ



വിശ്വപ്രസിദ്ധനായ ചിത്രകാരനാണ് വിൻസെന്റ് വാൻഗോ (1853-1890). ലോകത്തിൽ ഇന്ന് ഏറ്റവും അറിയപ്പെടുന്നതും ഏറ്റവും വിലമതിക്കപ്പെടുന്നതുമായ പെയിന്റിംഗുകളിൽ ചിലത് വാൻഗോയുടേതാണ്. തന്റെ ജീവിതത്തിന്റെ അവസാനത്തെ പത്തുവർഷം മാത്രം ചിത്രരചന നടത്തിയ അദ്ദേഹം ആ കാലഘട്ടത്തിൽ തൊള്ളായിരം പെയിന്റിംഗുകൾ ഉൾപ്പെടെ രണ്ടായിരത്തോളം ചിത്രങ്ങൾ രചിച്ചിട്ടുണ്ട്.

ചിത്രകലയിൽ 'എക്സ്പ്രഷനിസ'ത്തിന്റെ ആരംഭകനായ വാൻഗോ ഒരു ചിത്രകാരനായിട്ടല്ല ജീവിതം ആരംഭിച്ചത്. 1853 മാർച്ച് 30-ന് നെതർലൻഡ്സിലെ നോർത്ത് ബാർബൻഡ് പ്രോവിൻസിൽ ജനിച്ച അദ്ദേഹം പതിനഞ്ചാം വയസിൽ ചിത്രങ്ങൾ വില്ക്കുന്ന ഒരു ആർട്ട് ഡീലറായി ജോലി തുടങ്ങി. തന്റെ അങ്കിളായിരുന്ന വിൻസെന്റിന്റെ സഹായത്തോടെ ഈ ജോലിയിൽ പ്രവേശിച്ച അദ്ദേഹം അധികം താമസിയാതെ ലണ്ടനിലേക്കു സ്ഥലം മാറ്റപ്പെട്ടു.

വാൻഗോ ലണ്ടനിലായിരുന്ന അവസരത്തിലാണു മിഷനറി പ്രവർത്തനത്തിന് അദ്ദേഹത്തിനു ഉൾവിളിയുണ്ടായത്. ജോലി ഉപേക്ഷിച്ച് സെമിനാരിയിൽ ചേർന്ന അദ്ദേഹം ഡച്ച് റിഫോംഡ് ചർച്ചിലെ അംഗമായിരുന്നു. പഠനശേഷം മിഷനറി പ്രവർത്തനത്തിന് അദ്ദേഹം എത്തിച്ചേർന്നത് ബെൽജിയത്തിലെ ഒരു ഗ്രാമത്തിലാണ്. കൽക്കരി ഖനനമായിരുന്നു അവിടത്തെ ജനങ്ങളുടെ തൊഴിൽ. അർധ പട്ടിണിക്കാരായ അവരെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം അനുകമ്പയാൽ നിറഞ്ഞു. സുവിശേഷ പ്രസംഗകൻ എന്ന നിലയിൽ തനിക്കുണ്ടായിരുന്ന സുഖസൗകര്യങ്ങളെല്ലാം അദ്ദേഹം ഉപേക്ഷിച്ചു.

കടുത്ത ശൈത്യമുണ്ടായിരുന്ന ആ സ്ഥലത്തെ ആളുകൾക്ക് മതിയായ കമ്പിളി വസ്ത്രങ്ങളില്ലായിരുന്നു. വാൻഗോ തനിക്കുള്ള കമ്പിളികൾ പാവങ്ങൾക്കു വിതരണം ചെയ്തു. പ്രസംഗകൻ എന്ന നിലയിലുള്ള വരുമാനവും പാവങ്ങൾക്കായി വീതിച്ചു നൽകി. അങ്ങനെ പാവങ്ങളിലൊരുവനായി ജീവിക്കുവാനാരംഭിച്ച അദ്ദേഹത്തിന് ഒരു ധനിക കുടുംബം താമസസൗകര്യവും ഭക്ഷണവുമൊക്കെ ഫ്രീയായി നൽകാമെന്നു വാഗ്ദാനം ചെയ്തു. പക്ഷേ, ആ ക്ഷണം അദ്ദേഹം സ്വീകരിച്ചില്ല. താൻ പ്രസംഗിക്കുന്നതുപോലെ ജീവിക്കണമെന്നും തന്റെ വാക്കും പ്രവൃത്തിയും തമ്മിൽ വഴിപിരിയാൻ അനുവദിക്കുകയില്ലെന്നുമുള്ള ഉറച്ച തീരുമാനത്തിലായിരുന്നു അദ്ദേഹം. തന്റെ വാക്കും പ്രവൃത്തിയും പരസ്പരവിരുദ്ധമാകരുത് എന്ന നിർബന്ധത്തോടെയാണ് അദ്ദേഹം മിഷനറിയായി പ്രവർത്തിച്ചത്. തന്റെ മിഷനറി പ്രവർത്തന കാലഘട്ടത്തിൽ അക്കാര്യത്തിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. ആ കാലഘട്ടത്തിനു ശേഷമാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ പാളിച്ചകളുണ്ടായത്.

നമ്മുടെ വാക്കും പ്രവൃത്തിയും തമ്മിൽ വഴിപിരിയരുതെന്ന ആഗ്രഹം നമുക്കെപ്പോഴും ഉണ്ടാകാനാണു സാധ്യത. എന്നാൽ, പ്രായോഗിക ജീവിതത്തിൽ മറിച്ചാകും സ്ഥിതി. അതായത്, നമ്മുടെ വാക്ക് ഒന്ന്; പ്രവൃത്തി വേറൊന്ന്. വാക്കും പ്രവൃത്തിയും ഒരുമിച്ചു കൊണ്ടുപോകുവാൻ നമുക്കു സാധിച്ചാൽ അതെത്ര നല്ല കാര്യമായിരുന്നു.

ആദർശം പ്രസംഗിക്കുകയും അതിനെതിരായി പ്രവർത്തിക്കുകയും ചെയ്യുന്നവരോടു നമുക്കല്പം പോലും ബഹുമാനമുണ്ടാകില്ല. കാരണം, അവർ കാപട്യമുള്ളവർ തന്നെ. എന്നാൽ, മറ്റുള്ളവരുടെ കാപട്യത്തിനെതിരേ സ്വരമുയർത്തുമ്പോഴും നാം ചിലപ്പോഴെങ്കിലും അവരെപ്പോലെതന്നെ പ്രവർത്തിക്കുന്നു എന്നതല്ലേ വസ്തുത?



വാക്കും പ്രവൃത്തിയും ഒരുമിച്ചു കൊണ്ടുപോവുക ഏറെ ദുഷ്കരമായ കാര്യമാണ്. എന്നാൽ, നമുക്ക് അന്തസും ആത്മാഭിമാനവുമുണ്ടാകണമെങ്കിൽ മറ്റു പോംവഴികളില്ല എന്നതാണു യാഥാർഥ്യം. നമ്മുടെ ബലഹീനതകൾ മൂലം വാക്കും പ്രവൃത്തിയും തമ്മിൽ ചിലപ്പോൾ വഴിപിരിഞ്ഞുപോയേക്കാം. പക്ഷേ, അപ്പോൾ സ്വയം ന്യായീകരിക്കാൻ ശ്രമിക്കാതെ നമ്മുടെ ആദർശവും പ്രവൃത്തിയും ഒരുപോലെയാക്കാനാണു നാം ശ്രമിക്കേണ്ടത്. അത് നമുക്ക് ആത്മാഭിമാനവും ജീവിതസന്തോഷവും നല്കാതിരിക്കില്ല.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : റ്റൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ

തുടർച്ച



**സു**വിശേഷങ്ങളിലെ അഷ്ടഭാഗ്യങ്ങൾപോലെ വെളിപാടുപുസ്തകത്തിൽ സപ്തഭാഗ്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (1:3; 14:13; 16:15; 19:9; 20:6; 22:7-14). അവയിൽ ആദ്യത്തേതാണ് ഈ വാക്യം. 'ഈ പുസ്തകത്തിലെ വചനങ്ങൾ പാലിക്കുന്നവർ ഭാഗ്യവാന്മാർ' എന്ന പ്രഖ്യാപനം ഗ്രന്ഥത്തിന്റെ അവസാനം (22:7) ആവർത്തിച്ചിരിക്കുന്നു. ലോകാവസാനത്തെ സംബന്ധിച്ച കാര്യങ്ങൾ കൃത്യമായി അറിയാനുള്ള ജിജ്ഞാസ തൃപ്തിപ്പെടുത്താൻ വേണ്ടിയല്ല, ദൈവത്തിന്റെ ഹിതമറിഞ്ഞ് അതനുസരിച്ചു ജീവിക്കാനുള്ള ആഗ്രഹത്തോടെ ആയിരിക്കണം ഈ പുസ്തകം വായിക്കേണ്ടത് എന്ന് ഗ്രന്ഥകാരൻ തുടക്കത്തിലേ അനുശാസിക്കുന്നു. ദൈവത്തിൽനിന്നും നേരിട്ടു ലഭിച്ച പ്രവാചകവചനം എന്നനിലയിൽ ഈ ഗ്രന്ഥത്തെ ദൈവനിവേശിതവും ആധികാരികവുമായ ബൈബിളിന്റെ ഭാഗമായി കരുതണം എന്ന് ഗ്രന്ഥകാരൻ ആവശ്യപ്പെടുന്നു.



വായിച്ചുകേൾക്കാൻ പോകുന്ന സന്ദേശം ജീവൽ പ്രധാനമാണെന്ന് ഓർമ്മിപ്പിക്കുന്നതാണ് സമയം അടുത്തെത്തിയിരിക്കുന്നു എന്ന പ്രഖ്യാപനം. ദൈവം തിന്മയെ ഉന്മൂലനം ചെയ്ത് തന്റെ രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുന്ന സമയമാണ് ഇവിടെ വിവക്ഷ. കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ മടങ്ങിവരവിനെയും ഇതു സൂചിപ്പിക്കുന്നു. ദൈവം ലോകത്തിന്റെമേൽ വിധി പ്രസ്താവിക്കുന്ന നിർണ്ണായക നിമിഷമാണിത്. യുഗാന്ത്യം എന്നു വിളിക്കുന്ന ഈ സമയം അടുത്തെത്തിയിരിക്കുന്നതിനാൽ യോഹന്നാന്റെ പ്രവാചകാഹ്വാനത്തിന് അടിയന്തര സ്വഭാവമുണ്ട്.

### വെളിപാട് 1:4-6, അഭിവാദനം

ലേഖനങ്ങളിൽ പൊതുവേ കാണാറുള്ള അഭിവാദനശൈലിയാണ് യോഹന്നാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (വാ. 4). ഈ അഭിവാദനം ഗ്രന്ഥത്തെ ഇടയലേഖനം എന്ന സാഹിത്യരൂപത്തിൽ അവതരിപ്പിക്കുന്നു. റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവിശ്യകളിൽ ഒന്നായിരുന്ന ഏഷ്യാമൈനർ ഇന്നു ടർക്കിയുടെ ഭാഗമാണ്. എന്തുകൊണ്ട് ഈ ഏഴു സഭകളെ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നു എന്ന ചോദ്യത്തിനു വ്യാഖ്യാതാക്കൾ പല ഉത്തരങ്ങൾ നല്കാറുണ്ട്. ഗ്രന്ഥകാരന് നേരിട്ടു പരിചയവും അധികാരവുമുള്ള സഭകളായതിനാലായിരിക്കണം ഇവയെ പ്രത്യേകം തിരഞ്ഞെടുത്തത്. പ്രവിശ്യയിലെ പ്രമുഖ നഗരമായിരുന്ന എഫേസോസിൽനിന്ന് ഈ പട്ടണങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന രാജപാതയുണ്ടായിരുന്നതിനാൽ ഒരു പട്ടണത്തിൽനിന്നും മറ്റൊന്നിലേക്ക് ലേഖനം എത്തിക്കുക എളുപ്പമായിരുന്നു. ഇതിനുപുറമേ 'ഏഴ് പൂർണ്ണസംഖ്യയാകയാൽ ഏഴു സഭകൾ ക്രിസ്തുവിന്റെ സഭയുടെ പ്രതീകമായി കരുതാവുന്നതാണ്. അതിനാൽ പേരു പറഞ്ഞിരിക്കുന്ന ഏഴു സഭകൾക്കു മാത്രമല്ല, ആഗോളസഭയ്ക്ക് ആകമാനമായാണ് യോഹന്നാൻ എഴുതുന്നത് എന്ന് അനുമാനിക്കാം.

കൃപയും സമാധാനവും എന്ന ആശംസ പുതിയനിയമത്തിലെ മിക്ക ലേഖനങ്ങളിലും കാണാം. ദൈവം തന്റെ അനന്തമായ കാരുണ്യത്തിൽ മനുഷ്യനു സൗജന്യമായി നല്കുന്ന ദാനത്തിന്റെ ആകെത്തുകയാണ് കൃപ. സമാധാനം കൃപയുടെ ഫലമാണ്. ദൈവവും മനുഷ്യരും തമ്മിലും, മനുഷ്യർ തമ്മിൽ തമ്മിലും, മനുഷ്യനു തന്നോടുതന്നെയും ഉള്ള ഐക്യമാണ് സമാധാനം എന്ന പദംകൊണ്ടു വിവക്ഷിക്കുന്നത്. 'ദൈവകൃപ ലഭിച്ചവർക്കു സമാധാനം' (ലൂക്കാ. 2:14). കൃപയുടെ ഉറവിടമായി മൂന്നു നാമങ്ങൾ യോഹന്നാൻ എടുത്തുകാട്ടുന്നു. 'ആയിരിക്കുന്നവനും, ആയിരുന്നവനും വരാനിരിക്കുന്നവനും' എന്ന വിവരണം ദൈവം മോശയ്ക്കു വെളിപ്പെടുത്തിയ യാഹ്വേ എന്ന നാമത്തിന്റെ (പുറ 3:14-15; 6:3-4) വ്യാഖ്യാനമാണ്. നിത്യനായ ദൈവം എന്ന അർത്ഥമാണ് ഈ പ്രയോഗത്തിനുള്ളത്. കാലത്തിനതീതനാണ് ദൈവം; കാലത്തിന്റെ അധിപനുമാണവൻ. ഭൂതവും ഭാവിയുമില്ലാത്ത നിത്യതയുടെ ഒരു നിമിഷമാണ് ദൈവത്തിന്റെ സമയം. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഇസ്രായേൽ ജനത്തെ മോചിപ്പിക്കാൻ ഒരുങ്ങുമ്പോഴാണ് ദൈവം തന്റെ നാമം വെളിപ്പെടുത്തിയത്. പഴയനിയമത്തിൽ യാഹ്വേ എന്ന പേരിൽ സ്വയം വെളിപ്പെടുത്തിയ ദൈവംതന്നെയാണ് ഇവിടെ സഭകൾക്കു കൃപയും സമാധാനവും നല്കുന്നത്.

സപ്താത്മാക്കൾ എന്ന പ്രയോഗത്തെക്കുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായമുണ്ട്. പരിശുദ്ധാത്മാവിനെയാണ് ഇതു സൂചിപ്പിക്കുന്നതെന്ന് ചിലർ കരുതുന്നു; മറ്റു ചിലരാകട്ടെ ദൈവസന്നിധിയിൽ നിരന്തരം ശുശ്രൂഷ ചെയ്യുന്ന ഏഴു മുഖ്യദൂതന്മാരാണ് (വെളി 8:2) വിവക്ഷിക്കപ്പെടുന്നത് എന്നു വാദിക്കുന്നു. ഏഴ് പൂർണ്ണതയെ സൂചിപ്പിക്കുന്നതിനാൽ സപ്താത്മാക്കൾ ആത്മാവിന്റെ പൂർണ്ണത എന്ന അർത്ഥമാണു നല്കുക. നിത്യനായ ദൈവത്തോടൊപ്പം ദൂതന്മാരെ അവതരിപ്പിക്കുന്നു എന്നു കരുതുക പ്രയാസമാണ്. അതിനാൽ ആദ്യത്തെ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യം. സപ്തദാനങ്ങളുടെ ദാതാവിനെ (യെശയ്യ. 11:2-3) സപ്താത്മാക്കൾ എന്നു വിളിച്ചിരിക്കുന്നതാവണം. 'സപ്താത്മാക്കൾ' എന്ന പദപ്രയോഗം രണ്ടുതവണകൂടി വെളിപാടു ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട് (3:1, 4:5). ഇതിൽ രണ്ടാമത്തേത് സപ്താത്മാക്കളെ ദൈവസിംഹാസനത്തിനുമുമ്പിൽ ജ്വലിക്കുന്ന ഏഴു തീപ്പന്തങ്ങളായി ചിത്രീകരിച്ചിരിക്കുന്നു. തീനാവുകളുടെ രൂപത്തിൽ അപ്പസ്തോലന്മാരുടെമേൽ ആവസിച്ച പരിശുദ്ധാത്മാവിനെ (അ.പ്ര. 2:3) അനുസ്മരിപ്പിക്കുന്നതാണിത്. (തുടരും)

---

# മുഖമില്ലാത്ത മനുഷ്യൻ





**'പാ**ഷൻ ഓഫ് ദ് ക്രൈസ്റ്റ്' എന്ന പ്രസിദ്ധ ചിത്രത്തിന്റെ സംവിധായകൻ മെൽഗിബ്സണിന്റെ മറ്റൊരു ചിത്രമാണു 'മുഖമില്ലാത്ത മനുഷ്യൻ'. മെൽ ഗിബ്സണിന്റെ ജീവിതകഥയാണിത്.

ചെറുപ്പത്തിൽ ഏറെ സുമുഖനായ ഒരു ചെറുപ്പക്കാരനായിരുന്നു മെൽഗിബ്സൺ. ന്യൂയോർക്കിൽ നിന്ന് ഓസ്ട്രേലിയയിലേക്കു കുടിയേറിയ ഒരു കുടുംബത്തിലെ അംഗമായിരുന്നു അവൻ. സർക്കസിൽ ചേർന്നു പേരുകേട്ട ട്രപ്പീസു കളിക്കാരനായിത്തീരുക ഇതായിരുന്നു മെൽ അന്നു സ്വപ്നം കണ്ടിരുന്നത്.

ഈ സ്വപ്നത്തെ താലോലിച്ചു കൊണ്ട് ഒരു രാത്രി ജോലി കഴിഞ്ഞു വീട്ടിലേക്കു നടന്നുപോകുകയായിരുന്നു മെൽ. സ്വപ്നത്തിൽ ലയിച്ചു നടന്നു പോകുകയായിരുന്നതിനാൽ അടുത്തുവരുന്ന അപകടം അവൻ മനസ്സിലാക്കിയില്ല. പെട്ടെന്ന് അഞ്ചു കള്ളന്മാർ ചാടിവീണു. അവർക്ക് വേണ്ടത് അവന്റെ കയ്യിലെ പണമായിരുന്നു. പക്ഷേ യുവത്വത്തിന്റെ തിളപ്പിൽ വിട്ടുകൊടുക്കാൻ അവൻ തയ്യാറായില്ല. അവൻ അവരോട് പൊരുതി നിന്നു. എന്നാൽ കള്ളന്മാർ മൃഗീയമായി മെൽഗിബ്സണെ ആക്രമിച്ചു. കല്ലുകൊണ്ട് അവർ അവന്റെ മുഖം ചതച്ചു. ചോരയിൽ കുതിർന്ന് അവൻ അനങ്ങാതായപ്പോൾ മരിച്ചുകാണുമെന്നു കരുതി കള്ളന്മാർ പണവുമായി കടന്നു!



പോലീസുകാരാണ് ജീവച്ഛവമായി കിടന്ന മെൽഗിബ്സണെ ആശുപത്രിയിലെത്തിച്ചത്. ആർക്കും നടുക്കമുണ്ടാക്കുന്നതായിരുന്നു ആ രൂപം. മുഖം എന്നൊന്നേ ഉണ്ടായിരുന്നില്ല. കല്ലുകൊണ്ട് ഇടിച്ച് തകർത്തിരുന്നതിനാൽ മുഖം ആകെ വലിയ ഒരു ചോരക്കട്ടയായി മാറിയിരുന്നു. തലയോടു തെളിഞ്ഞു കാണാമായിരുന്നു. മുടിയും തൊലിയും നഷ്ടപ്പെട്ടിരുന്നു. ഒരു പ്രതീക്ഷയും ആദ്യം ഡോക്ടർമാർക്ക് ഉണ്ടായിരുന്നില്ല. ക്രമേണ മെൽഗിബ്സൺ ചികിത്സയോടു പ്രതികരിച്ചു തുടങ്ങി. ഒടുവിൽ ഒരു വർഷത്തെ ചികിത്സ കഴിഞ്ഞു മെൽ ആരോഗ്യത്തോടെ ആശുപത്രി വിട്ടു. പക്ഷേ മുഖമില്ലാത്ത ഒരുവനായിട്ടാണ് അവൻ പുറത്തുവന്നത്. മുഖത്തിന്റെ സ്ഥാനത്ത് ഒരു കുഴി. ആരും ഒന്നേ നോക്കുമായിരുന്നുള്ളൂ. പിന്നെയും ജോലിക്കു വേണ്ടിയുള്ള ശ്രമങ്ങൾ. ഒടുവിൽ അവന്റെ വികൃതമായ മുഖം ആളുകളെ രസിപ്പിച്ചേക്കുമെന്നു കരുതി ഒരു സർക്കസ് മുതലാളി അവനു സർക്കസിൽ ഒരു ജോലി നല്കി. ഒരു കോമാളിയായി. ജീവിക്കാനുള്ള വകയായി. പക്ഷേ അവന് ആരും കൂട്ടുകാരുണ്ടായിരുന്നില്ല. ആരും അവനോടു സംസാരിക്കാൻ പോലും ഇഷ്ടപ്പെട്ടില്ല. തീർത്തും ഒറ്റപ്പെട്ട ആ നാളുകളിൽ മെൽ ആത്മഹത്യയെക്കുറിച്ചുപോലും ചിന്തിച്ചു.

അങ്ങനെയിരിക്കെ ഒരു ദിവസം അവന്റെ ജീവിതം ആകെ മാറി. അതിനു നിമിത്തമായത് വഴിയിലൂടെ നടന്നു പോകുമ്പോൾ കേട്ട ഒരു ക്രിസ്തീയ ഗാനം. അതിന്റെ ഈണം അവനെ പിടിച്ചു നിർത്തി. അതിലെ വരികൾ അവനെ സ്പർശിച്ചു. അവൻ മെല്ലെ ആ ഗാനം ഒഴുകി വന്ന സമീപത്തെ പള്ളിയിലേക്കു കയറിച്ചെന്നു. അവിടെ അവൻ ഒരാളെക്കുറിച്ചു കേട്ടു. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ ഏറെക്കുറെ നഗ്നനായി തൂങ്ങിക്കിടന്ന ഒരുവൻ. മുറിവേറ്റു തകർന്ന ഒരുവൻ. തലയിൽ മുൾക്കിരീടം വച്ച് അടിച്ചതിനാൽ മുഖത്തു കൂടി ചോരച്ചാലുകൾ ഒഴുകിയിറങ്ങിയ ഒരുവൻ. 'രൂപം കണ്ടാൽ ആളല്ല എന്നും ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറു വിരൂപമായിരിക്കകൊണ്ടു കാണുന്നവർ സ്തംഭിച്ചു പോകുന്ന' ഒരുവൻ. കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം നിന്ദിതനായ ഒരുവൻ. നസ്രത്തിലെ യേശുവായിരുന്നു അത്. മെൽഗിബ്സൺ യേശുവിൽ കണ്ടത് തന്റെ തന്നെ രൂപമാണ്. അവൻ ക്രൂശിലെ ആ സ്നേഹത്തിനു മുൻപിൽ തന്റെ ജീവിതം സമർപ്പിച്ചു. അതോടെ പള്ളി അവന്റെ രണ്ടാം വീടായി. സമയം കിട്ടുമ്പോഴൊക്കെ അവൻ അവിടെ എത്തും. ക്രമേണ പള്ളിയിലുള്ളവരും അവനെ ശ്രദ്ധിച്ചു. അവർ അവന്റെ നഷ്ടപ്പെട്ട മുഖത്തിന്റെ കഥ സഹതാപത്തോടെ കേട്ടു. ആ കഥ അവർ ഓസ്ട്രേലിയയിലെ അതിപ്രശസ്തനായ ഒരു പ്ലാസ്റ്റിക് സർജന്റെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹത്തിനു മെൽഗിബ്സണിൽ താല്പര്യമായി.

ഒരു അവസരം വന്നപ്പോൾ ഡോക്ടർ അവനെ പ്ലാസ്റ്റിക് സർജറിക്കു വിധേയനാക്കി. സർജറി വൻ വിജയമായിരുന്നു. മുഖത്തെ കെട്ടഴിച്ചപ്പോൾ അതിസുന്ദരമായ ഒരു മുഖം. അവന്റെ ആദ്യത്തെ സുന്ദരമായ മുഖത്തെക്കാളും അതീവ സുന്ദരം! ഇതാണ് 'മുഖമില്ലാത്ത മനുഷ്യൻ' എന്ന ചിത്രത്തിന്റെ ഇതി വൃത്തം.

യേശു ഒരിക്കൽ തന്റെ കേഴ്വിക്കാരോടു പറഞ്ഞു: 'വയലിലെ താമരയെ നോക്കുവിൻ, അവ അദ്ധ്വാനിക്കുന്നില്ല... എന്നാൽ ശലോമോൻ പോലും തന്റെ സർവ്വ മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ തീയിൽ ഇടുന്നതുമായ പുല്ലിനെ ദൈവം ചമയിക്കുന്നുവെങ്കിൽ അല്പവിശ്വാസികളെ, നിങ്ങളെ എത്ര അധികം!

ആകയാൽ വിചാരപ്പെടരുത്.

വി.പൗലോസ് റോമാക്കാർക്കു ലേഖനം എഴുതുമ്പോൾ ഇങ്ങനെ എഴുതി: 'ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണയപ്രകാരം വിളിക്കപ്പെട്ടവർക്കു സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു' ജീവിതത്തിലെ ഏതു വേദനകളെയും തകർച്ചകളേയും ദൈവം നന്മയ്ക്കാക്കിത്തീർക്കും എന്നു മെൽഗിബ്സൺ മുഖമില്ലാത്ത മനുഷ്യനിലൂടെ വരച്ചുകാട്ടുമ്പോൾ 'എത്രയോ ശരി' എന്നല്ലേ നമുക്കും പറയാനാകൂ?



# ജീവിത യോഗ്യത

**അ**ഞ്ച് ബെസ്റ്റ് സെല്ലിംഗ് നോവലുകളെഴുതിയ എഴുത്തുകാരിയാണ് ആനാ മറീ കിൻഡ്ലൻ. 'ന്യൂയോർക്ക് പോസ്റ്റ്' എന്ന പത്രത്തിന്റെ റിപ്പോർട്ടറായി 1974-ൽ ജോലി ആരംഭിച്ച അവർ 1977 മുതൽ 1994 വരെ 'ന്യൂയോർക്ക് ടൈംസ്' പത്രത്തിന്റെ വിവിധ ചുമതലകൾ വഹിച്ചു. അതിനുശേഷമാണ് നോവൽ രചനയിലേക്കു കടന്നത്.

നോവൽ രചനയ്ക്കിടയിലും 'ന്യൂസ് വീക്ക്' വീക്ക്ലിയിൽ, ഇക്കഴിഞ്ഞ മെയ് 18-ന് റിട്ടയർ ചെയ്യുന്നതുവരെ 'പബ്ളിക് ആൻഡ് പ്രൈവറ്റ്' എന്ന പേരിലുള്ള കോളം എഴുതിയിരുന്നു. കമന്ററി വിഭാഗത്തിലുള്ള പത്രപ്രവർത്തന രചനയ്ക്കു പുലിറ്റ്സർ അവാർഡ് നേടിയ ഈ എഴുത്തുകാരി അമേരിക്കൻ സാമുഹിക ജീവിതത്തിൽ ഭൗതികമൂല്യങ്ങൾ പുലർത്തുന്ന അമിതസ്വാധീനത്തെക്കുറിച്ച് ഏറെ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്.

നല്ലൊരു വാഗ്മികൂടിയായ ആനാ മറീ പല സമുന്നത യൂണിവേഴ്സിറ്റികളുടെയും ബിരുദദാനച്ചടങ്ങുകളിൽ വിശിഷ്ടാതിഥിയായിരുന്നിട്ടുണ്ട്. മില്ലനോവ യൂണിവേഴ്സിറ്റിയുടെ ബിരുദദാനച്ചടങ്ങിൽ അവർ നടത്തിയ പ്രസംഗം ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ആ പ്രസംഗത്തിൽ അവർ പറഞ്ഞു: "നിങ്ങൾ ഇന്ന് ഇവിടെനിന്നു പടിയിറങ്ങുമ്പോൾ മറ്റു പലരെയും പോലെ നിങ്ങൾക്കു ഡിഗ്രിയുണ്ടായിരിക്കും. നിങ്ങൾ പിന്നീട് ജോലി ചെയ്യുമ്പോൾ നിങ്ങളുടെ അതേ ജോലി ചെയ്യുന്ന പതിനായിരങ്ങൾ ഉണ്ടാവും. എന്നാൽ, എപ്പോഴും നിങ്ങൾക്കു സ്വന്തമായി മാത്രം ഒരു കാര്യമുണ്ടാകും നിങ്ങളുടെ ജീവിതവും അതിന്റെ നിയന്ത്രണവും".

തങ്ങൾക്കു ലഭിക്കുന്ന ജോലിയല്ല, മൊത്തത്തിലുള്ള തങ്ങളുടെ ജീവിതമാണ് ഏറെ പ്രധാനപ്പെട്ടത് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ആനാ മറീ അവരോടു തുടർന്നു പറഞ്ഞു: "ഇതാണ് എന്റെ ജീവിത യോഗ്യത: ഞാൻ മൂന്നു കുട്ടികളുടെ നല്ല അമ്മയാണ്. എന്റെ ഭർത്താവിന്റെ വിശ്വസ്തയായ സ്നേഹിതയാണ്. ഒരു നല്ല അമ്മയായിരിക്കുന്നതിനോ സ്നേഹമുള്ള ഭാര്യ ആയിരിക്കുന്നതിനോ തടസം നിൽക്കുവാൻ എന്റെ ജോലിയെ ഞാൻ അനുവദിച്ചിട്ടില്ല. ഭൗതികമോഹങ്ങളുടെ പിന്നാലെ പോകാതെ സ്നേഹവും സേവനവും സൗഹൃദവുമൊക്കെ നിറഞ്ഞ ഒരു ജീവിതം കെട്ടിപ്പടുക്കുക എന്ന ആനാ മറിയുടെ ഉപദേശം നമ്മുടെയും ചിന്തയ്ക്ക് വിഷയീഭവിപ്പിക്കുന്നത് നല്ലതാണ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും കൊഴുത്ത ശമ്പളമുള്ള ജോലിയും നേടാനായാൽ ജീവിതത്തിൽ നാം വിജയിച്ചു എന്നല്ലേ പലപ്പോഴും ചിന്തിക്കുകയും പറയുകയും ചെയ്യാറുള്ളത്?

ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും കൊഴുത്ത ശമ്പളം നൽകുന്ന ജോലിയും നമ്മുടെ ജീവിതത്തിനു നല്ലതുതന്നെ. എന്നാൽ, ജീവിതമെന്നു പറയുന്നത് ഇതൊക്കെ മാത്രമാണെന്നു നാം കരുതിയാൽ നമ്മുടെ ജീവിതം പരാജയപ്പെടുമെന്നതിൽ സംശയം വേണ്ട. ഉന്നതവിദ്യാഭ്യാസ യോഗ്യതയും ഉയർന്ന ജോലിയുമുള്ള എത്രയോ പേരുടെ ജീവിതം പരാജയത്തിൽ കലാശിക്കുന്നതായി നാം കാണുന്നുണ്ട്.

നമ്മുടെ ജീവിത യോഗ്യത എന്നു പറയുന്നത് നാം നേടിയ ബിരുദങ്ങളോ നമുക്കു ലഭിച്ച ജോലിയിലെ പ്രമോഷനുകളോ നാം നേടിയ സമ്പത്തോ മാത്രമല്ല. തീർച്ചയായും നമ്മുടെ ജീവിതത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ ഇവയ്ക്കൊക്കെ വലിയ സ്ഥാനമുണ്ട്. എന്നാൽ, അവയെക്കാളെല്ലാം പ്രധാനപ്പെട്ടത് ഏതെല്ലാം മൂല്യങ്ങൾക്കു വേണ്ടി എങ്ങനെ നാം ജീവിക്കുന്നു എന്നുള്ളതാണ്.

നാം ജീവിക്കുന്നതു ഭൗതികമൂല്യങ്ങൾക്കു വേണ്ടിയാണോ? ജീവിതത്തിൽ നാം നെട്ടോട്ടമോടുന്നതു ഭൗതികസമ്പത്തു സമ്പാദിക്കുവാൻ മാത്രമാണോ? എങ്കിൽ ആർക്ക് എങ്ങനെ നമ്മുടെ ജീവിതത്തെക്കുറിച്ച് അഭിമാനം കൊള്ളുവാനാകും?



എന്നാൽ, നമ്മുടെ ജീവിതത്തിൽ ഭൗതികമൂല്യങ്ങളെക്കാളേറെ ആധ്യാത്മികമൂല്യങ്ങൾക്കും കുടുംബബന്ധങ്ങൾക്കും സാഹോദര്യത്തിനും സൗഹൃദത്തിനുമൊക്കെ പ്രാധാന്യമുണ്ടെന്നു കരുതുക. അപ്പോൾ നമ്മുടെ ജീവിതത്തെക്കുറിച്ച് നമുക്കെന്നപോലെ മറ്റുള്ളവർക്കും അഭിമാനവും സന്തോഷവുമുണ്ടാകും.

ആനാ മറി പറയുന്നതുപോലെ നമ്മുടെ ജീവിതവും അതിന്റെ നിയന്ത്രണവും പൂർണമായി നമ്മുടെ കൈകളിലാണെന്നു നമുക്കു സമ്മതിക്കാൻ സാധിക്കില്ല. എങ്കിൽപ്പോലും നമ്മുടെ ജീവിതത്തെ വളർത്തുന്നതിലും തളർത്തുന്നതിലുമുള്ള പ്രധാനമായ പങ്കു നമ്മുടേതു തന്നെയാണല്ലോ.

ദൈവം നമ്മുടെ കൈകളിൽ ഏല്പ്പിച്ചുതന്നിരിക്കുന്ന ജീവിതം അവിടുത്തെ സഹായത്തോടെ ശരിയായ രീതിയിൽ പടുത്തുയർത്തുവാൻ നമുക്കു ശ്രമിക്കാം. അതിനുള്ള യോഗ്യതയും സന്മനസും നമുക്കുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാം.


---



# കുടുംബജീവിതത്തിലെ കാണാപ്പുറങ്ങൾ

ഭാര്യഭർതൃ ബന്ധങ്ങളിലുണ്ടാകുന്ന അസ്വസ്ഥതകൾ ആണ് കുടുംബബന്ധങ്ങളെ സാരമായി ബാധിക്കുന്നത്. ഇതു പിന്നീട് പലവിധ പ്രശ്നങ്ങൾക്കും കാരണമാവുന്നു. സാമൂഹിക വളർച്ചയിൽ വിവാഹത്തിനും കുടുംബജീവിതത്തിനും ഉയർന്ന സ്ഥാനമാണ് ഉള്ളത്. എന്നാൽ, ആധുനിക കാലഘട്ടത്തിൽ ദാമ്പത്യത്തിലും കുടുംബ ബന്ധങ്ങളിലും പല തരത്തിലുള്ള മാറ്റങ്ങൾ ഉളവായതായി കാണാൻ കഴിയും.

ദാമ്പത്യം ഇന്ന് കെട്ടുറപ്പില്ലാത്ത ബന്ധമായി. ഇതിന് ഒട്ടേറെ കാരണങ്ങളുണ്ട്. കുടുംബബന്ധങ്ങളിലുണ്ടാകുന്ന സംഘർഷങ്ങളും കെട്ടുറപ്പില്ലായ്മയും ശാസ്ത്രീയമായി പരിഹരിച്ചില്ലെങ്കിൽ വൻ ദുരന്തമാവും ഫലം. ഭാര്യഭർത്താക്കന്മാർക്കിടയിലെ സംഘർഷങ്ങൾ ശാരീരികവും മാനസികവും ആകാം. ശാരീരിക സംഘർഷം പങ്കാളികൾ തമ്മിലുള്ള മാനസിക ശാരീരിക അകൽച്ചയ്ക്ക് ആക്കം കൂട്ടും. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപായോഗം, പരസ്ത്രീപുരുഷ ബന്ധങ്ങൾ, മറ്റു ദുഷിച്ച പ്രവണതകൾ എല്ലാം ഇതിനു കാരണമാകും. ദാമ്പത്യ ബന്ധം സുദൃഢമാക്കുന്നതിൽ വളരെ പ്രധാനമാണ് കിടപ്പറയിലെ സ്നേഹവും സഹകരണവും. കിടപ്പറയിലെ പൊരുത്തക്കേടുകൾ ദാമ്പത്യത്തെ തകർക്കുന്ന മറ്റൊരു ഘടകമാണ്. മാനസികമായ പൊരുത്തമില്ലായ്മ ശാരീരികമായ അകൽച്ചയും സൃഷ്ടിക്കും. അതുപോലെതന്നെയാണ് പങ്കാളികളിൽ ആർക്കെങ്കിലും സംഭവിക്കുന്ന മാനസിക ശാരീരിക പ്രശ്നങ്ങൾ. ചെറുതും വലുതുമായ മനോശാരീരിക പ്രശ്നങ്ങൾ കുടുംബബന്ധത്തെ ബാധിക്കാറുണ്ട്. പങ്കാളിയെ മാനസികമായി അകറ്റാനും ഇതു കാരണമാകും. ഭാര്യാഭർത്താക്കന്മാർക്കിടയിൽ വളർന്നുവരുന്ന സാമ്പത്തിക പ്രശ്നങ്ങളാണ് മറ്റൊരു വില്ലൻ. സാമ്പത്തിക തകർച്ചയിൽ കുടുംബ ജീവിതത്തിൽ താളപ്പിഴകൾ സംഭവിക്കുകയും പ്രതിസന്ധികൾ ഉളവാകുകയും ചെയ്യും. കൂടാതെ പങ്കാളിയുടെ വിവാഹേതര ബന്ധങ്ങളോ വിവാഹപൂർവ ബന്ധങ്ങളോ കുടുംബത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും പങ്കാളികൾ തമ്മിൽ അവിശ്വാസത്തിനു കാരണമാവുകയും ചെയ്യും.




മറ്റൊന്ന് ഭാര്യാഭർത്താക്കന്മാരുടെ കുടുംബാംഗങ്ങളുമായുള്ള സംഘർഷങ്ങളാണ്. ഇത്തരം സംഘർഷങ്ങൾ പൊതുവെ കണ്ടുവരുന്നത് ഭാര്യഭർതൃ മാതാപിതാക്കളുമായോ സഹോദരീസഹോദരന്മാരുമായോ മറ്റു കുടുംബാംഗങ്ങളുമായോ ആണ്. ഇവ പരിധിവിടുമ്പോൾ ഭാര്യഭർതൃ ബന്ധത്തിൽ പ്രശ്നങ്ങൾ ഉളവാകും. അതുപോലെതന്നെ പ്രായമായ കുടുംബാംഗങ്ങളെ പരിചരിക്കുന്ന കാര്യത്തിലും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിലും ഭാര്യഭർത്താക്കന്മാർക്കിടയിൽ സംഘർഷം സാധാരണമാണ്. പങ്കാളികൾ പരസ്പരധാരണയോടെ എല്ലാ കാര്യങ്ങളും കണ്ടറിഞ്ഞു സഹകരിക്കുകയാണെങ്കിൽ ഇത്തരം സംഘർഷങ്ങൾ ഒഴിവാക്കാൻ സാധിക്കും.

പഴയ കാലത്തിൽനിന്നു വ്യത്യസ്തമായി കുടുംബത്തിന്റെ പരമ്പരാഗത ഘടനയിൽ മാറ്റം വന്നിട്ടുണ്ട്. പഴയ കാലത്തെ വലിയ കൂട്ടുകുടുംബം ഇന്നു കാണാൻ കഴിയില്ല. പകരം ചെറിയ കുടുംബമാണ്. അതിന് അതിന്റേതായ ഗുണവും ദോഷവും ഉണ്ട്. ചെറുകുടുംബം അഥവാ അണുകുടുംബം പലവിധ പ്രശ്നങ്ങളാലും പ്രയാസങ്ങളാലും സംഘർഷപൂരിതമായിരിക്കും. കൂട്ടുകുടുംബമാണെങ്കിൽ ഇത്തരം സംഘർഷങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ അവർക്കു കഴിയും. പരസ്പരമുള്ള സംഭാഷണങ്ങളിലൂടെയും കൊടുക്കൽ വാങ്ങലിലൂടെയും ഇത്തരം സംഘർഷങ്ങൾ ലഘൂകരിക്കപ്പെടും. എന്നാൽ, അണുകുടുംബത്തിൽ എല്ലാ പ്രശ്നങ്ങളും തനിച്ചു പരിഹരിക്കേണ്ടതായിവരും. ഇതു മനോശാരീരിക സംഘർഷങ്ങൾ വർധിപ്പിക്കുകയാണ് ചെയ്യുക.

ദാമ്പത്യം സുദൃഢമാക്കാൻ ഭാര്യാഭർത്താക്കന്മാർ തമ്മിൽ ആരോഗ്യകരമായ ആശയവിനിമയം കൊണ്ട് സാധിക്കും. ഭാര്യാഭർതൃ ബന്ധത്തിന്റെ ഹൃദ്യതയുടെ അടിത്തറയാണ് ആശയവിനിമയം. പലപ്പോഴും ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഈഗോ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഏകപക്ഷീയമായ ആശയവിനിമയമാകും അവിടെ സാധ്യമാക്കുന്നത്. ഭാര്യയോ ഭർത്താവോ നടത്തുന്ന ഏകാധിപത്യത്തിലധിഷ്ഠിതമായ സംഭാഷണം ദാമ്പത്യത്തിൽ പ്രശ്നങ്ങൾ ഉളവാക്കുകയും ഭാര്യാഭർത്താക്കന്മാർക്കിടയിൽ പ്രശ്നങ്ങൾ അധികരിപ്പിക്കുകയും ചെയ്യും. പങ്കാളികൾ പരസ്പരം ആരോഗ്യകരമായ ആശയവിനിമയം സാധ്യമാക്കുകയാണ് വേണ്ടത്. ഭാര്യാഭർതൃബന്ധം സുദൃഢമാകണമെങ്കിൽ പങ്കാളിയുടെ അസംതൃപ്തിയുടെ കാരണം തിരിച്ചറിയേണ്ടതുണ്ട്. ദാമ്പത്യത്തിൽ സംഘർഷം സ്വാഭാവികമാണ്. അത് പരിഹരിക്കാൻ ആവശ്യങ്ങളും ആഗ്രഹങ്ങളും തിരിച്ചറിയാൻ സാധിക്കുക എന്നത് പ്രധാനമാണ്. പരസ്പരം അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ആശയവിനിമയം സാധ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. ഭാര്യാഭർതൃബന്ധത്തിൽ ഉളവാകുന്ന പ്രശ്നങ്ങളുടെ അടിവേരുകൾ കണ്ടെത്തി പരിഹരിക്കാൻ വിദഗ്ധനായ സൈക്കോളജിസ്റ്റിന്റെയോ, വിദഗ്ധനായ ഒരു കൗൺസലറുടെയോ സേവനം കൊണ്ടു തീർക്കാവുന്ന കുഞ്ഞു പ്രശ്നങ്ങൾ മാത്രമേ ഇവർക്കിടയിൽ ഉണ്ടാകൂ എന്നതാണ് യാഥാർഥ്യം.

ബുദ്ധിയും വിവേകവുമുള്ള മനുഷ്യൻ നിസ്വാർഥമായി സ്നേഹിച്ചാൽ അല്ലെങ്കിൽ പ്രവർത്തിച്ചാൽ ഏതുതരം ബന്ധവും നിലനിർത്തിപ്പോരുവാൻ കഴിയും എന്നുള്ളത് പച്ചപ്പരമാർത്ഥമാണ്. പക്ഷേ അവിടെ മനുഷ്യൻ വികാരം കൊണ്ടാണ് ചിന്തിക്കുന്നത്. വിവേകം കൊണ്ട് ചിന്തിക്കുന്നില്ല എന്നതാണ് പലപ്പോഴും പ്രശ്നം. കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ട് മാറിമാറിവരുന്ന ചിന്താഗതികളും കണ്ടുപിടിത്തങ്ങളും മുന്നേറ്റങ്ങളും എല്ലാ മേഖലകളിലും കുതിച്ചുയരുകയാണ്. എന്നാൽ ബന്ധങ്ങളിൽ മാത്രം ഈ മുന്നേറ്റങ്ങൾ ഇല്ല. തികച്ചും സ്വാർഥപരമായ ഇടപെടലുകൾ കൊണ്ട് തകർച്ചയുടെ വക്കിലേക്ക് ആണ് മനുഷ്യബന്ധങ്ങൾ വീഴുന്നതെന്നു മാത്രം.

അകലാൻ കൊതിക്കുന്നവർ കാരണങ്ങൾ തേടിക്കൊണ്ടേയിരിക്കും. എന്നാൽ അടുക്കാൻ ശ്രമിക്കുന്നവർ ആ കാരണങ്ങളെ മറക്കാനും മറികടക്കാനും ശ്രമിക്കും. പേരിനു വേണ്ടി ബന്ധങ്ങൾ കൊണ്ടുനടക്കുന്ന കാഴ്ചയാണ് ഇന്നു നമ്മൾ കാണുന്നത്. കുടുംബബന്ധങ്ങളിൽ ആയാലും സൗഹൃദമായാലും എല്ലാവരും അവരവരുടെ കാര്യലാഭത്തിനുവേണ്ടിയാണ് പല ബന്ധങ്ങളെയും നിലനിർത്തുന്നത് എന്നു വേണമെങ്കിൽ പറയാം. ആത്മാർഥമായ സ്നേഹവും ആശയവിനിമയവും പങ്കുവയ്ക്കലും ദൈവസ്നേഹത്തിൽ ആർജ്ജിക്കുവാൻ കഴിയുമെങ്കിൽ എല്ലാ തകർച്ചകളേയും അതിജീവിച്ച് കെട്ടുറപ്പുള്ള ഒരു കുടുംബജീവിതം പടുത്തുയർത്താൻ നമുക്ക് സാധിക്കും.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**എബ്രായ ലേഖനത്തിൽ മുന്നോടിയായി യേശുവിനെക്കുറിച്ച് പറയുകയും മൽക്കിസെദേക്കിന്റെ പൗരോഹിത്യത്തിന് പ്രാധാന്യം നൽകുകയും ചെയ്യുമ്പോൾ ലേവ്യാ പൗരോഹിത്യത്തേക്കാൾ എന്തു ശ്രേഷ്ടതയാണ് മൽക്കിസെദേക്കിന്റെ പൗരോഹിത്യത്തിനുള്ളത്. ഈ രണ്ടു പൗരോഹിത്യങ്ങൾ പുതിയനിയമത്തിലേക്കു വരുമ്പോൾ പ്രധാനമായി മനസിലാക്കേണ്ട വസ്തുത എന്താണ്?**

*-റവ.ജോൺസൺ അറവുകാട്, പാറത്തോട്, എടക്കുന്നം, കാഞ്ഞിരപ്പള്ളി*

എബ്രായർ 6:20-ൽ യേശു നമ്മുടെ മുന്നോടിയായി തിരശ്ശീലയ്ക്കകത്തേക്കു പ്രവേശിച്ചിരിക്കുന്നു എന്നു നാം വായിക്കുന്നു. 'മുന്നോടി' എന്ന ബഹുമതി അധികം പ്രചാരം ലഭിച്ചിട്ടില്ലാത്ത ഒന്നാണ്. അധികം ക്രിസ്ത്യാനികളും യേശുവിനെ തങ്ങളുടെ രക്ഷിതാവ്, കർത്താവ്, രാജാവ്, സൗഖ്യദായകൻ എന്നൊക്കെ മാത്രമേ കേട്ടിട്ടുള്ളു. 'മുന്നോടി' എന്ന നിലയിൽ വളരെ കുറച്ചുപേർ മാത്രമേ യേശുവിനെ കേട്ടിട്ടുള്ളൂ. ഏറെ വിശ്വാസികളും ഇങ്ങനെയൊരു വാക്യത്തെക്കുറിച്ചു ശ്രദ്ധിച്ചിട്ടുപോലുമുണ്ടാവില്ല.

സുവിശേഷങ്ങൾ കഴിഞ്ഞാൽ പുതിയ നിയമത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പുസ്തകങ്ങളിലൊന്നാണ് എബ്രായർ. എബ്രായ ലേഖനത്തിൽ മാത്രമാണ് യേശു നമ്മുടെ മുന്നോടിയാണെന്നു പറയുന്നത്. യേശു സകലത്തിലും നമുക്കു സദൃശനായിരുന്നു എന്നും സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടു എന്നും കണ്ണുനീരോടും നിലവിളിയോടും കൂടെ പ്രാർത്ഥിച്ചതുമൂലം പാപം ചെയ്യാതെ ജീവിക്കുവാൻ കഴിഞ്ഞു 'എന്നും എബ്രായ ലേഖനം മാത്രമാണു നമ്മോടു പറയുന്നത് (2:17, 4:15, 5:7). എബ്രായലേഖനത്തിൽ മാത്രമാണു നാം പുതിയ നിയമത്തിന്റെ വ്യവസ്ഥകൾ എന്തെന്നു വായിക്കുന്നത് (8:1012). അതുപോലെ തന്റെ ജഡത്തിൽക്കൂടി യേശു തുറന്ന ജീവനുള്ള പുതുവഴിയെക്കുറിച്ചും (10:19) തന്റെ കാൽച്ചുവടുകളിലൂടെ നാമും പരിജ്ഞാനപൂർണ്ണതയിലേക്കു നടക്കേണ്ടതിനെക്കുറിച്ചും (6:1, 2; 12:1,2) ഇതിൽ വായിക്കുന്നു. ഇത് അത്യധികം പ്രാധാന്യമുള്ള ഒരു പുസ്തകമാണ്. എന്നാൽ ഈ പുസ്തകം ഗൗരവമായി പഠിക്കുന്നതിൽനിന്നു സാത്താൻ വിശ്വാസികളെ നിരുത്സാഹപ്പെടുത്തുന്നു.

ശാലേം (പിൽക്കാലത്ത് യരുശലേം) രാജാവായിരുന്ന മൽക്കീസേദെക്കിനെക്കുറിച്ചു നാം വായിക്കുന്നു (എബ്രാ.7:1). ലേവ്യ പൗരോഹിത്യത്തെക്കാൾ ഉന്നതമായ പൗരോഹി ത്യമായിരുന്നു മൽക്കീസേദെക്കിന്റേത് എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇതു വളരെ രസകരമായ നിലയിലാണ് ഈ ലേഖകൻ സമർത്ഥിച്ചിരിക്കുന്നത്: അബ്രഹാം മൽക്കീസേദെക്കിനെ കണ്ടുമുട്ടിയപ്പോൾ തന്റെ യുദ്ധത്തിൽ പിടിച്ചെടുത്ത കൊള്ളമുതലിന്റെ ദശാംശം അദ്ദേഹത്തിനു നൽകി (7:4). അബ്രഹാം ഇതു നൽകുമ്പോൾ അബ്രഹാമിന്റെ സന്തതിയിൽപ്പെട്ട ലേവിയും അബ്രഹാമിന്റെ ശരീരത്തിന്റെ ഭാഗമായിരുന്നതുകൊണ്ട് ആ പ്രവൃത്തിയിൽ പങ്കാളിയായിരുന്നു. അങ്ങനെ ലേവിയും മൽക്കീസേദക്കിനു ദശാംശം കൊടുത്തു എന്നു വരുന്നു. അങ്ങനെ വരുമ്പോൾ മൽക്കീസേദെക്ക് ലേവിയെക്കാൾ ഉന്നതനാണ്. മൽക്കീസേദെക്കിന്റെ പൗരോഹിത്യ പ്രകാരമാണ് യേശു പുരോഹിതനായത്. അതുകൊണ്ടുതന്നെ യേശുവിന്റെ പൗരോഹിത്യം ലേവിയുടെ പൗരോഹിത്യത്തെക്കാൾ ഉന്നതമാണ്.



ലേവി പുരോഹിതന്മാർ ആളുകളെ ദശാശം കൊടുക്കുവാൻ പഠിപ്പിച്ചു. ദശാംശം കൊടുക്കാത്തവരുടെ മേൽ ദൈവിക ശാപം വരുമെന്ന് അവർ ഭീഷണിപ്പെടുത്തിയിരുന്നു (മലാ. 3:9). എന്നാൽ മൽക്കീസേദെക്ക് ഒരിക്കലും അബ്രഹാമിനോടു ദശാംശം ആവശ്യപ്പെട്ടില്ല. അബ്രഹാം മനസ്സോടെ കൊടുത്തത് അദ്ദേഹം വാങ്ങി എന്നു മാത്രം. പുതിയ നിയമത്തിൽ ദശാംശം നൽകുവാനുള്ള കല്പനയില്ല, മനസ്സോടെ കൊടുക്കുന്ന ദാനങ്ങൾ മാത്രം. അബ്രഹാം മൽക്കീസേദെക്കിനു നൽകിയതുപോലെ ദൈവമക്കൾ തങ്ങളുടെ വരുമാനത്തിൽ നിന്നും സന്തോഷത്തോടെ നൽകുന്നു. യേശു ആരോടും ഒരിക്കലും ദശാംശം നൽകണമെന്ന് ഉപദേശിച്ചില്ല. മനസ്സോടെ ആളുകൾ നൽകിയത് അവിടുന്നു സ്വീകരിച്ചു (ലൂക്കോ. 8:2,3).

ക്രൈസ്തവഗോളത്തിൽ അധികവും ലേവി പൗരോഹിത്യ മര്യാദകളാണ് പിന്തുടരുന്നത്. തന്നെയും തന്റെ പ്രവർത്തനത്തേയും സഹായിക്കുവാൻ വേണ്ടി ദശാംശം നൽകുവാൻ ഒരു പാസ്റ്റർ ആവശ്യപ്പെടുമ്പോൾ അദ്ദേഹം യേശുവിന്റെ മാതൃകയല്ല ലേവി പുരോഹിതന്മാരുടെ മാതൃകയാണു പിൻപറ്റുന്നത്. ആ പുരോഹിതന്മാർ തങ്ങൾ സാധാരണ ജനങ്ങളിൽ നിന്നു വ്യത്യസ്തരാണെന്നു കാണിക്കുംവിധം വസ്ത്രധാരണം ചെയ്തിരുന്നു. ഇന്നും ക്രൈസ്തവ പുരോഹിതന്മാരും ബിഷപ്പുമാരും അപ്രകാരം പ്രത്യേക രീതിയിലുള്ള വസ്ത്രധാരണം നടത്തിവരുന്നു. യേശുവും അപ്പൊസ്തോലന്മാരും സാധാരണ ജനം അക്കാലത്തു ധരിച്ചിരുന്ന വേഷം തന്നെയായിരുന്നു ധരിച്ചിരുന്നത്. ലേവി പൗരോഹിത്യകാലത്ത് അവർക്കു ദേവാലയം എന്നു വിളിക്കപ്പെടുന്ന ഒരു പ്രത്യേക ആരാധനാസ്ഥലം തന്നെ ഉണ്ടായിരുന്നു. ഇന്നും പള്ളികൾ എന്നും ദേവാലയങ്ങൾ എന്നും വിളിക്കപ്പെടുന്ന കെട്ടിടങ്ങൾ ക്രൈസ്തവഗോളത്തിൽ സാധാരണമാണ്. ഇതൊക്കെയും പഴയ ഉടമ്പടിയിലേക്കുള്ള മടങ്ങിപ്പോക്കാണ്. അതുകൊണ്ടുതന്നെ അവർ പരാജയപ്പെട്ടു നിരന്തരം പാപത്തിൽ ജീവിക്കുന്നു.

മൽക്കീസേദെക്ക് ഇതിൽ നിന്നും വ്യത്യസ്തനായ വ്യക്തിയായിരുന്നു. അബ്രഹാമിനെ കാണുവാനായി പോകുമ്പോൾ അദ്ദേഹം അബ്രഹാമിനും കൂടെയുള്ളവർക്കും കുറച്ചു ഭക്ഷണവും കയ്യിൽ കരുതി. അബ്രഹാമിൽ നിന്നും കുറച്ചു സമ്പത്തു കൈക്കലാക്കാം എന്ന ഉദ്ദേശ്യത്തോടെ ആയിരുന്നില്ല അദ്ദേഹം പോയത്. അദ്ദേഹത്തിന് അതാവശ്യമില്ലായിരുന്നു. കാരണം താനൊരു രാജാവായിരുന്നു. തനിക്ക് അബ്രഹാമിന്റെ ദാനങ്ങളെ ആശ്രയിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. തനിക്കും തന്നോടു കൂടെയുള്ള 318 പുരുഷന്മാർക്കും ആവശ്യമായ ഭക്ഷണം കൊണ്ടുവന്നതിന്റെ നന്ദി സൂചകമായി തന്റെ കൊള്ളയിൽ നിന്നും അബ്രഹാം കുറച്ച് മൽക്കീസേദെക്കിനു നൽകി. മൽക്കീസേദെക്ക് അതു വാങ്ങി അബ്രഹാമിനെ അത്യുന്നതനായ ദൈവത്തിന്റെ നാമത്തിൽ അനുഗ്രഹിക്കയും ചെയ്തു. പൗലൊസും മൽക്കീസേദെക്കിനെപ്പോലെ ആയിരുന്നു. ദൈവം അവരെ അനുഗ്രഹിക്കേണ്ടതിന്നാണ് താൻ അവരിൽ നിന്നും ദാനങ്ങളെ സ്വീകരിക്കുന്നതെന്ന് അദ്ദേഹം ഫിലിപ്പിയരോടു പറഞ്ഞു (ഫിലി. 4:16-19). ലേവി പൗരോഹിത്യം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. അവർ ആളുകൾ നൽകുന്ന ദശാംശത്തിൽ ആശ്രയിച്ചിരുന്നതിനാൽ അവർക്ക് അതു മുടക്കം വരാതിരിക്കുവാൻ ആളുകളുടെമേൽ സമ്മർദ്ദം ചെലുത്തേണ്ടിവന്നിരുന്നു. ക്രിസ്തീയ ശുശ്രൂഷയിലെ പണമിടപാടു സംബന്ധിച്ച് ശരിയായ പ്രമാണങ്ങൾ പഠിക്കുവാൻ ലേവിയുടെയും മൽക്കീസേദെക്കിന്റെയും പൗരോഹിത്യത്തെ താരതമ്യം ചെയ്താൽ പലതും ഗ്രഹിക്കാനാകും.

മൽക്കീസേദെക്ക് ഒരു രാജാവിന്റെ അന്തസ്സുള്ളവനായിരുന്നു. യേശുവിനും പൗലൊസിനും അതുണ്ടായിരുന്നു. യഥാർത്ഥ ദൈവഭൃത്യന്മാർ ഒക്കെയും അതു സൂക്ഷിക്കുന്നവരാണ്. യേശുവും പൗലൊസും ഒക്കെ തങ്ങളുടെ ഏത് ആവശ്യങ്ങൾക്കും ദൈവത്തെ മാത്രം ആശ്രയിച്ചു. അവർ ആളുകളിൽ നിന്നും ദാനം സ്വീകരിച്ചപ്പോൾ തന്നെ തങ്ങൾ അതു മോഹിച്ചതുകൊണ്ടല്ല ആളുകൾ അനുഗ്രഹിക്കപ്പെടേണ്ടതിനായിരുന്നു അതു സ്വീകരിച്ചത്. മൽക്കീസേദെക്കിന്റെ പൗരോഹിത്യത്തിന്റെ അന്തസ്സ് (യേശുവിന്റെ) ഉയർത്തിപ്പിടിക്കുവാനാഗ്രഹിക്കുന്ന ഒരു ശുശ്രൂഷകനും ലേവി പൗരോഹിത്യത്തിന്റെ രീതികളിലേക്കു തരംതാഴുന്നതു ശരിയല്ല.

ലേവ്യാ പുരോഹിതന്മാർക്ക് രാജാക്കന്മാരുടെ അന്തസ്സ് ഉണ്ടായിരുന്നില്ല. അവർ ജനത്തോടു ദശാംശം ചോദിച്ചു വാങ്ങിയിരുന്നു. ലേവ്യർക്കു ജനം ദശാംശം നൽകാതായപ്പോൾ അവർ പുരോഹിതവൃത്തി ഉപേക്ഷിച്ച് നിലത്തിൽ കൃഷി ചെയ്യാനും മറ്റും തിരിഞ്ഞു (നെഹ.13:10). മാസം തോറും തങ്ങളുടെ പ്രതിഫലം ലഭിച്ചിരുന്നപ്പോൾ മാത്രം അവർ ശുശ്രൂഷ ചെയ്തു. ഇന്നും ചില ശുശ്രൂഷകന്മാർ ദൈവവേല ചെയ്യുന്നത് അങ്ങനെയുള്ള അടിസ്ഥാനത്തിലാണ്. മൽക്കീസേദെക്ക് തികച്ചും വ്യത്യസ്തനായിരുന്നു. അബ്രഹാമിനെപ്പോലെ വലിയ ധനികനായ ഒരാളുടെ മുമ്പിൽപ്പോലും ഒരു രാജാവിന്റെ അന്തസ്സോടെ അദ്ദേഹം പെരുമാറി. ഇന്ന് അത്തരം ശുശ്രൂഷകന്മാർ എവിടെ? അധികം ശുശ്രൂഷകരും ധനികർക്കു സ്തുതി പാടുന്നു. -അവരുടെ പണം മോഹിച്ച്.

മൽക്കീസേദെക്ക് മറ്റു പലതിലും ക്രിസ്തുവിന്റെ പ്രതിരൂപമായിരുന്നു. അവൻ പേരുകൊണ്ട് 'നീതിയുടെ രാജാവും' 'സമാധാനത്തിന്റെ രാജാവും' ആയിരുന്നു (7:2). നീതിയും സമാധാനവും കിസ്തുവിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു (സങ്കീ.85:10). കൂടാതെ മൽക്കീസേദെക്ക് എന്ന കഥാപാത്രം ആദ്യം കടന്നു വരുന്നതു ഉൽപ്പത്തിപ്പുസ്തകത്തിലാണ്. ഉല്പത്തി എന്നും ആരംഭങ്ങളുടെ പുസ്തകമാണ്. എല്ലാ ദൈവമനുഷ്യരുടെയും വംശാവലി അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി ഹാനോക്ക്, അബ്രഹാം, ഇസ്ഹാക്ക്, യാക്കോബ്, യോസേഫ് മുതലായവർ. ആദാം മുതലുള്ള ഇവരുടെയെല്ലാം വംശപാരമ്പര്യം കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മൽക്കിസെദെക്കിന്റെ പിതാവിനെക്കുറിച്ചോ മാതാവിനെക്കുറിച്ചോ വംശാവലിയെക്കുറിച്ചോ ഒരു രേഖയുമില്ല. അതുപോലെതന്നെ മേൽപ്പറഞ്ഞ എല്ലാവരുടെയും മരണവിവരങ്ങളും ഉല്പത്തിപ്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു നമുക്കു കാണാം. എന്നാൽ മൽക്കീസേദെക്കിന്റെ മരണവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യങ്ങളിൽ മൽക്കീസേദെക്ക് സ്വർഗ്ഗ ത്തിൽ നിത്യതയിൽ വസിച്ചിരുന്ന ദൈവപുത്രനായ യേശുവിനു സദൃശനായിരിക്കുന്നു-"പിതാവില്ലാതെ, മാതാവില്ലാതെ, വംശാവലിയില്ലാതെ ജീവന് ആരംഭമോ അവസാനമോ ഇല്ലാതെ" (7:3).

ഇനിയുമുണ്ട് യേശുവിന് പ്രത്യേകത. പഴയ ഉടമ്പടിയിലെ പുരോഹിതന്മാർ നാൾതോറും പാപങ്ങൾക്കു യാഗം കഴിക്കേണ്ടിയിരുന്നു. എന്നാൽ യേശുവാകട്ടെ ഒരിക്കലായിട്ടു തന്റെ ശരീരം തന്നെ അർപ്പിച്ചു (7:26,27). പഴയനിയമ പുരോഹിതർ യാഗം അർപ്പിച്ചിരുന്നത് ഒന്നാമതു സ്വന്ത പാപങ്ങൾക്കും പിന്നെ ജനത്തിന്റെ പാപങ്ങൾക്കുവേണ്ടിയും ആയിരുന്നു. എന്നാൽ യേശുവാകട്ടെ തന്റെ ശരീരം ജനത്തിന്റെ പാപത്തിനുവേണ്ടിത്തന്നെ അർപ്പിച്ചു. യേശുക്രിസ്തുവിന്റെ വിശുദ്ധിയുടെ പാരമ്യമാണ് 26-ാം വാക്യത്തിൽ നാം കാണുന്നത് - "ഇങ്ങനെയുള്ള മഹാപുരോഹിതനാണല്ലോ നമുക്കു വേണ്ടത്. പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേർപെട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതനായിത്തീർന്നവൻ". അവിടുന്ന് സമ്പൂർണ്ണതയുള്ള ജീവിതമായിരുന്നു ഈ ഭൂമിയിൽ നയിച്ചിരുന്നത്. ഈ രണ്ട് പൗരോഹിത്യങ്ങളിലും നാം കാണുന്ന മറ്റൊരു വ്യത്യാസം ശ്രദ്ധിക്കുക: പഴയ ഉടമ്പടിയിൽ ഒരു വ്യക്തി പുരോഹിതനാകുന്നതു ജഡപ്രകാരമുള്ള ഒരു കല്പനയുടെ അടിസ്ഥാനത്തിലാണ്. അയാൾ ലേവിയുടെ സന്തതിയായിരിക്കണം. എന്നാൽ യേശു അഴിഞ്ഞുപോകാത്ത ജീവന്റെ ശക്തിയാൽ ഏറെ നല്ല ഉടമ്പടിയെ ഉറപ്പിച്ചു തന്നിരിക്കുന്നു (7:15,22).

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani


VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 May: 2022 at RMS Kayamkulam
Published on Ist May: 2022
RNI Registered No. KERMAL/2002/7361

# ആര്യൻ അധിനിവേശ സിദ്ധാന്തം

ഇന്ത്യയിലേക്കുള്ള ആര്യൻമാരുടെ അധിനിവേശ സിദ്ധാന്തം വെറും കെട്ടുകഥ മാത്രമാണെന്ന് അവകാശപ്പെട്ടുകൊണ്ട് ഖരഗ്പൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രസിദ്ധീകരിച്ച 2022-ലെ കലണ്ടർ വലിയ വിവാദങ്ങൾക്ക് കാരണമായി. മധ്യേഷ്യയിൽനിന്ന് ഇന്ത്യയിലേക്ക് ബി.സി. 2000-1500 കാലത്ത് കുടിയേറിവന്ന ആര്യന്മാർ സിന്ധു-ഗംഗാ തടങ്ങളിലേക്കെത്തുകയും ക്രമേണ ഇന്ത്യയിലെമ്പാടും അധികാരം സ്ഥാപിക്കുകയും ചെയ്തു എന്ന ശാസ്ത്രീയമായ കണ്ടെത്തലുകൾ തെറ്റാണ് എന്ന് സമർത്ഥിക്കാനാണ് കലണ്ടർ ശ്രമിക്കുന്നത്. "ആര്യൻ അധിനിവേശ സിദ്ധാന്തം തെറ്റായിരുന്നെന്ന് സ്ഥാപിക്കാനുള്ള 12 തെളിവുകളും കലണ്ടർ അവതരിപ്പിക്കുന്നുണ്ട്.

"ഇന്ത്യൻ വിജ്ഞാന സമ്പ്രദായങ്ങളുടെ അടിത്തറ വീണ്ടെടുക്കൽ" എന്ന തലക്കെട്ടാണ് കവർ പേജിന് നൽകിയിട്ടുള്ളത്. വിഷയത്തെ "വേദങ്ങളുടെ രഹസ്യം തിരിച്ചറിയൽ, "സിന്ധുനദീതട നാഗരികതയുടെ പുനർവ്യാഖ്യാനം", "ആര്യൻ അധിനിവേശ മിഥ്യകളെ തിരുത്തിയെഴുതൽ എന്നിങ്ങനെ മൂന്ന് പ്രധാന ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ബി.സി 7000-1500 ൽ നിലനിന്നിരുന്ന സിന്ധുനദീതട സംസ്കാരകാലത്ത് തന്നെയാണ് ആര്യന്മാരും ഇന്ത്യയിൽ ഉണ്ടായിരുന്നത് എന്ന കെട്ടുകഥ അടിച്ചേൽപ്പിക്കാനാണ് കലണ്ടർ ശ്രമിക്കുന്നത്. സിന്ധുനദീതട സംസ്കാരത്തിന്റെ ഭാഗം തന്നെയായിരുന്നു ആര്യൻ സംസ്കാരമെന്നും ആര്യന്മാർ വിദേശികളല്ല തദ്ദേശീയരാണെന്നും സ്ഥാപിക്കാനാണു ഖരഗ്പൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയെപ്പോലെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനം ശ്രമിക്കുന്നത്.



ഇന്ത്യയുടെ ചരിത്രവുമായി ബന്ധപ്പെട്ട് ഭരണവർഗ്ഗം സമർഥിക്കുന്ന വാദങ്ങളാണ് മികവിന്റെ കേന്ദ്രം എന്ന് പുകൾപെറ്റ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഔദ്യോഗിക രേഖയായി പുറത്തുവന്നിരിക്കുന്നത്.

ആരാണ് ആര്യന്മാർ? അവരൊരു പ്രത്യേക ജനസമൂഹമാണെന്നും, അതല്ല, ചില ഭാഷകൾ സംസാരിച്ചിരുന്ന ആളുകൾ മാത്രമാണെന്നും വാദങ്ങളുണ്ട്, ആര്യൻ എന്ന സംജ്ഞ ഇന്ത്യയിൽ മാത്രമുള്ളതല്ല. ഇറാൻകാർ തങ്ങളെ ആര്യന്മാരായി കണക്കാക്കുന്നു. ഇറാൻ എന്ന രാജ്യത്തിന്റെ പേരുതന്നെ "ആര്യൻ" എന്ന പദത്തിൽനിന്ന് ഉണ്ടായതാണ്.

"ആര്യൻ" എന്നത് "എയ്റൻ" ആകുകയും എയ്റൻ "ഇറാൻ" ആകുകയും ചെയ്തു. വിവിധ രാജ്യങ്ങളിൽ ആര്യഭാഷകൾ സംസാരിക്കുന്നവർക്കിടയിൽ ചില ജനിതകസാമ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ, ഒരു പ്രത്യേക ഗണത്തിലെ ഭാഷകൾ സംസാരിക്കുന്ന പൊതുവായ ഉറവിടമുള്ള ഒരു ജനതയാണ് ആര്യന്മാർ എന്ന് മനസിലാക്കാം. ആര്യഭാഷകളുടെ ഉത്ഭവത്തിനും വ്യാപനത്തിനും കാരണമായ സമൂഹത്തെയാണ് ആര്യന്മാർ എന്ന് പൊതുവെ നരവംശ ശാസ്ത്രജ്ഞന്മാർ വിളിക്കുന്നത്.

ആര്യന്മാർ എന്നറിയപ്പെട്ട സമൂഹം ഇന്ത്യയിൽ എത്തിയോ ഇല്ലയോ എന്നതാണ് തർക്കവിഷയം, സംഘപരിവാറിനെ അനുകൂലിക്കുന്ന ചരിത്രകാരന്മാർ പറയുന്നത് ആര്യന്മാർ ഇന്ത്യയിലെ ആദിമനിവാസികൾ ആണെന്നാണ്. രാജാറാമിനെപ്പോലെയുള്ള ചരിത്രകാരന്മാർ സിന്ധു - ഹാരപ്പൻ സംസ്കാരങ്ങൾ ആര്യൻ സംസ്കാരമാണെന്നു കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്.

ഇതിന് ഉദാഹരണമായി അദ്ദേഹം സമർഥിച്ചത് ഹാരപ്പയിൽ നിന്നു കണ്ടെത്തിയ പുരാതന നാണയത്തിലെ മുദ്ര കാളയുടേതല്ല, കുതിരയുടേതാണ് എന്നാണ്. മധ്യേഷ്യയിൽനിന്ന് ഇന്ത്യയിലേക്കു കുടിയേറിവന്ന ആര്യന്മാർക്കൊപ്പം എത്തിയതെന്നു കരുതുന്ന കുതിരയെ ഹാരപ്പൻ സംസ്കാരത്തിന്റെ ഭാഗമാക്കി ആദിമ ഇന്ത്യൻ സംസ്കാരം ആര്യൻ സംസ്കാരമായി ചിത്രീകരിക്കുന്നതിനുള്ള ശ്രമമാണ് പരിവാർ സൈദ്ധാന്തികർ നടത്തുന്നത്.

എന്നാൽ ഡേവിഡ് റെയ്ഷിന്റെ നേതൃത്വത്തിൽ വാഗീഷ് നരസിംഹനും സംഘവും നടത്തിയ ജനിതകപഠനത്തിൽ കണ്ടെത്തിയത് ബി.സി. 2000-ത്തിനും 1000-ത്തിനും ഇടയിൽ കാസ്പിയൻ കടലിനപ്പുറമുള്ള വരണ്ട പുൽമേടുകളിൽ നിന്ന് തുർക്ക്മെനിസ്ഥാൻ വഴി ഇന്ത്യയിലേക്ക് ഒരു പ്രത്യേക വിഭാഗം ജനങ്ങളുടെ കടന്നുകയറ്റം ഉണ്ടായി എന്നാണ്.

പഠനങ്ങൾ പ്രകാരം ഏതാണ്ട് 3000 വർഷങ്ങൾക്ക് മുൻപ് സ്റ്റെപ്പിയിൽനിന്നും, തുർക്ക്മെനിസ്ഥാൻ കടന്ന് അഫ്ഗാനിസ്ഥാൻ വഴി ഇന്ത്യയിലെത്തിയ "യമ്നയ" എന്ന മിശ്രജനതയാണ് ആര്യന്മാർ. യമ്നകളുടെ വരവിന് മുമ്പ് ഇന്ത്യൻ സംസ്കാരത്തിൽ കുതിരകൾ എത്തിയിരുന്നില്ല.

ജനിതക തെളിവുകൾ വ്യക്തമാക്കുന്നത് ഇന്തോ-ഇറാനിയൻ ഭാഷകൾ അഥവാ ആര്യഭാഷകൾ സംസാരിക്കുന്ന ഒരു ജനസമൂഹം ഏതാണ്ട് 3,800 വർഷം മുമ്പ് മധ്യേഷ്യയിൽനിന്നും ഇന്ത്യയിൽ കുടിയേറി എന്നുതന്നെയാണ്.

# സ്മാർട്ടായി സ്വകാര്യത പരസ്യമായി

1-ാം പേജ് തുടർച്ച

നമ്മൾ ഇന്ന് ഉപയോഗിക്കുന്ന ആപ്ലിക്കേഷനുകളേയും സ്മാർട്ട് ഉപകരണങ്ങളേയുംകുറിച്ച് ഒരു 20 വർഷം മുൻപ് ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നില്ല. ഇന്ന് വീടുകളിലും ഓഫീസുകളിലും നഗരങ്ങളിൽ പൊതുവേയും ഉപയോഗിക്കുന്ന പല സ്മാർട്ട് ഉപകരണങ്ങളും വ്യക്തികളെക്കുറിച്ചുള്ള സ്വകാര്യ വിവരങ്ങൾ വലിയ തോതിൽ ശേഖരിക്കുകയും വിതരണം ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്.



ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന കാറും വീട്ടുപകരണങ്ങളുമൊക്കെ സ്മാർട്ട് ആകുന്നതോടെ കൂടുതൽ സ്വകാര്യ വിവരങ്ങൾ കൂടിയാണ് ശേഖരിക്കപ്പെടുന്നത്. മുറിയ്ക്കകത്തേക്ക് വരുമ്പോൾ ലൈറ്റ് തെളിയുന്നതും പോകുമ്പോൾ കെടുന്നതും കേടാകാറായ തക്കാളിയെക്കുറിച്ച് റഫ്രിജറേറ്റർ മുന്നറിയിപ്പ് നൽകുന്നതും കാലാവസ്ഥയ്ക്കനുസരിച്ച് മുറിയ്ക്കകത്തെ താപനില ക്രമീകരിക്കുന്നതും അടുത്ത ദിവസത്തെ ഔദ്യോഗികവും വ്യക്തിപരവുമായ പരിപാടികളെ രാവിലെ സ്മാർട്ട് ഉപകരണം ഓർമ്മിപ്പിക്കുന്നതിനു പിന്നിലുമെല്ലാം വ്യക്തമായ വിവരശേഖരണം നടക്കുന്നുണ്ട്. ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഇന്റർനെറ്റ് വഴി പങ്കുവെക്കപ്പെടുകയും താരതമ്യം ചെയ്യപ്പെടുകയുമൊക്കെ ചെയ്യുന്നുണ്ട്. ഇന്റർനെറ്റ് ബന്ധമില്ലെങ്കിൽ ഇത്തരം സ്മാർട്ട് ഉപകരണങ്ങൾക്ക് അവയുടെ വലിയ വിഭാഗം ശേഷി നഷ്ടപ്പെടുകയും ചെയ്യും. ഉദാഹരണത്തിന് സ്മാർട്ട് തെർമോസ്റ്റാറ്റിന് ഇന്റർനെറ്റില്ലെങ്കിലും നിങ്ങളുടെ വിവരങ്ങൾ ശേഖരിക്കാനാകുമെങ്കിലും കാലാവസ്ഥയ്ക്കനുസരിച്ച് മുറിയിലെ താപനില ക്രമീകരിക്കാൻ സാധിക്കില്ല. വീടുകളിൽ മാത്രമല്ല ജോലിസ്ഥലങ്ങളിലും ഷോപ്പിങ് മാളുകളിലും നഗരകേന്ദ്രങ്ങളിലുമെല്ലാം ഇത്തരം സ്മാർട്ട് ഉപകരണങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ വ്യക്തമായ അറിവോ സമ്മതമോ പോലുമില്ലാതെ പലപ്പോഴും ഇവ വിവരങ്ങൾ ശേഖരിക്കുന്നുണ്ടെന്ന് കൂടിയാണ് ഇതിനർഥം.



## ഡയ്യലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ തങ്കു-തോമ കൂട്ടുകെട്ട് വിമർശനങ്ങളെ അതിജീവിച്ച് മുന്നേറുന്നതിലെ രഹസ്യം?

തോമസ് മൂലപ്പാടം, മാനന്തവാടി, ചെറുകാട്ടൂർ, വയനാട്

☹ **സത്യത്തെ കൊന്ന് സങ്കല്പകഥകൾ കൊണ്ട് സ്വപ്നലോകം സൃഷ്ടിച്ച് കാഴ്ചക്കാരെ ആവേശഭരിതരാക്കാനുള്ള അടവുകളെല്ലാം അവർക്കറിയാം.**

☺ എവിടെയും ഗുണ്ടാവിളയാട്ടം. ജീവിക്കാൻ പറ്റാത്ത അവസ്ഥയാണല്ലോ?

പ്രശാന്ത് മോഹൻ, ചിന്നാർ, ഏലപ്പാറ, ഇടുക്കി

☹ **എല്ലാ രംഗത്തും കേരളം ഒന്നാമതെത്താൻ സർക്കാർ ആഹ്വാനം ചെയ്യുന്നു. ഗുണ്ടകൾ അതിനായി പരിശ്രമിക്കുന്നു എന്നെയുള്ളൂ.**

☺ എന്റെ സ്വീകാര്യതയെന്നു പറയുന്നത് ജീവിത വിശുദ്ധിയാണെന്ന് ഒരു ആത്മീയനേതാവ്?

ഷേർളി സൈമൺ, കാഞ്ഞിരത്തുംമൂട്, മുളക്കുഴ, ചെങ്ങന്നൂർ

☹ **നേതാവിന്റെ വിശുദ്ധിക്കു മുന്നിൽ സാത്താൻ പോലും വീണുവണങ്ങി സാഷ്ടാംഗം പ്രണമിച്ചു നിൽക്കും.**

☺ കൊറോണാ ദുരിതത്തിൽ പാവപ്പെട്ട സുവിശേഷകർ കട്ടപ്പുറത്തായിയെന്ന് പറഞ്ഞ് ചിലർ അവരുടെ പേരിൽ പിരിവ് നടത്തുന്നു. കൊറോണയ്ക്കു മുൻപ് പാവപ്പെട്ട സുവിശേഷകർ എവിടെയായിരുന്നു?

ചെറിയാൻ ഫിലിപ്പ്, ചോറ്റുപാറ, തൂക്കുപാലം, വണ്ടൻമേട്

☹ **പെരുവഴിയിൽ**

☺ എല്ലായിടത്തും എല്ലാവരും വേതനം വർദ്ധിപ്പച്ചു പാവപ്പെട്ട ഉപദേശിമാർക്ക് വേതനവർദ്ധനവ് ഇല്ലാത്തതിനു കാരണം?

തോമസ് തറയിൽ, കരിനിലം, അമരാവതി, മുണ്ടക്കയം

☹ **വേദനകളിലൂടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിന് വേതന വർദ്ധനവ് തടസ്സമാകും.**

☺ ആത്മീയ പ്രസ്ഥാനങ്ങളിൽ ആദർശത്തിൽ അടിയുറച്ചു നിന്നാൽ?

സാബു ഫിലിപ്പ്, മുളയറ, ചെറുകോട്, തിരുവനന്തപുരം

☹ **വഴിയാധാരമാകും**

☺ കേരളം കടത്തിൽ മുങ്ങിനിൽക്കുകയാണ്. ജപ്തിചെയ്യാൻ സാധ്യതയുണ്ടോ?

മിനി മേരി വർഗ്ഗീസ്, കിഴക്കൻ മുത്തൂർ, കുറ്റപ്പുഴ, തിരുവല്ല

☹ **മഴുവുമായി നിൽക്കുന്ന പരശുരാമന്റെ കയ്യിലാണ് ആധാരം. പേടിച്ചിട്ടാരും ജപ്തിക്കുവരാൻ സാധ്യതയല്ല.**




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally